No/11/2019/SRG/LSGD(6)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

06.12.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 33.32ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 38.75 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (37%) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (30.12ശതമാനം) 373.44കോടി രൂപയുടെ 114185 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 507.47കോടി രൂപയുടെ 17410 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 36.47% |
| ബ്ലോക്ക് പഞ്ചായത്ത് | 38.80% |
| ജില്ലാ പഞ്ചായത്ത് | 26.08% |
| മുനിസിപ്പാലിറ്റി | 30.1 % |
| കോർപ്പറേഷൻ | 25.94.% |
| **ആകെ** | 33.32 %**ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കണ്ണൂർ | 37% |
| 2 | ഇടുക്കി | 35.87 % |
| 3 | വയനാട് | 35.72% |
| 4 | പാലക്കാട് | 34.74% |
| 5 | ആലപ്പുഴ | 34.71% |
| 6 | കോഴിക്കോട് | 34.32% |
| 7 | കൊല്ലം | 34.27% |

| | | |
|---|---|---|
| 8 | പത്തനംതിട്ട | 34.08% |
| 9 | തൃശ്ശൂർ | 33.5% |
| 10 | മലപ്പുറം | 32.37% |
| 11 | കോട്ടയം | 32% |
| 12 | തിരുവനന്തപുരം | 30.96% |
| 13 | കാസർഗോഡ് | 30.29% |
| 14 | എറണാകുളം | 30.12% |

**പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCSP | TSP |
|---|---|---|
| 41.52% | 29.13% | 32.21% |

**മുൻവർഷങ്ങളിൽ ഇതേ ദിവസത്തെ പദ്ധതിച്ചെലവ് താഴെ ചേർക്കുന്നു.**

| | |
|---|---|
| 2016-17 | 10.13% |
| 2017-18 | 28.28% |
| 2018-19 | 44.58% |
| 2019-20 | 33.12% |

**എഞ്ചിനീയറിംഗ് പ്രോജക്ടുകൾ**

നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അവതരിപ്പിച്ചു. വിശദാംശം താഴെ ചേർക്കുന്നു.

| No. of DPC approved Projects | No. of Beneficiary works | No of Tender Works | Total No.of Deposit Works | Total No of Works | projects TS | Projects accorded TS | % of projects accorded Ts | Works Tendered (Nos.) | % of work Tendered (Nos.) | Tender works awarded (Nos) | % of works awarded | % of work started | work completed | % of works completed |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) |
| 100077 | 2059 | 97021 | 997 | 100077 | 97837 | 90563 | 92.57 % | 81698 | 84.21 % | 59405 | 61.23% | 24.25% | 10753 | 10.74% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 26.09.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1(3.1.2)**

അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഹോണറേറിയം നൽകുന്നതിനാവശ്യമായ വിഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. തുക വകയിരുത്തിയിട്ടില്ലാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ധനവകുപ്പ് അറിയിച്ച പ്രകാരമുള്ള തുക ട്രഷറിയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം.

എന്നാൽ വികസന ഫണ്ട് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. ഇങ്ങനെ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കുന്നവർക്ക് വികസന ഫണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ഇതിനുള്ള ഫയൽ

ധനവകുപ്പിന്റെ പരിഗണനക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടി

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**2.1(3.1.5)**

പുതിയ അംഗനവാടികളുടെ നിർമ്മാണത്തിനും പഴയതിന്റെ അറ്റകുറ്റപ്പണിക്കും വനിതാ ശിശു വികസന വകുപ്പിൽ നിന്നും തുക അനുവദിക്കാറുണ്ട്. വനിതാ ശിശു വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും 60:40 അനുപാതത്തിലാണ് തുക വകയിരുത്തേണ്ടത്. ഈ തുക പി.ഡബ്ല്യു.ഡി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് നിർമ്മാണം നടത്തണമെന്ന് വകുപ്പിന്റെ നിർദ്ദേശം സംബന്ധിച്ച്.

വനിതാ ശിശു വികസന വകുപ്പ നൽകുന്ന വിഹിതം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുന്ന രീതി ഭാവിയിൽ കൈക്കൊള്ളുന്നതിനും തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് നിർമ്മാണം നടത്തുന്നതിനും അനുമതിക്കായി ഫയൽ ധനവകുപ്പിന് നൽകണം. കൂടാതെ ധനവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് , വനിതാ ശിശു വികസന വകുപ്പ്, പി.ഡബ്ല്യൂ.ഡി എന്നീ വകുപ്പുകളുടെ യോഗം ചേർന്ന് ഇതിന്മേൽ തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുതമലപ്പെടുത്തി.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2)ധനവകുപ്പ്**

**2.1(3.1.7)**

2019-20-ൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിലെ 7 ദിവസവും 24 മണിക്കൂറാക്കാനും നാഷണൽ ഹെൽത്ത് മിഷൻ (NHM) ലക്ഷ്യമിടുന്നു. ഇപ്രകാരം ആകെ 504 കേന്ദ്രങ്ങളാണുള്ളത് (പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ചേർത്ത്). ഇതിന്റെ നിർമ്മാണ പ്രവർത്തനം NHM- ആണ് നടത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക തുക ചെലവഴിക്കാൻ തയ്യാറാണെങ്കിൽ ഈ വിഹിതം NHM -ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച തുടർ നടപടിക്കായി ഫയൽ ധനവകുപ്പിനു നൽകിയിട്ടുണ്ട്. ആവശ്യമായ നടപടി ധനവകുപ്പ് സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധനവകുപ്പ്**

**2.1(3.3)**

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ മുഖ്യ നിർവ്വഹണ ഏജൻസിയായുള്ള തദ്ദേശഭരണ സ്ഥാപനത്തിന് പങ്കാളികളായുള്ള മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം അലോട്ട്മെന്റ് ഒറ്റത്തവണയായി നൽകണം. മുഖ്യ നിർവ്വഹണ സ്ഥാപനം റിക്വിസിഷൻ/ബിൽ തുക പ്രകാരം തുക ആവശ്യമനുസരിച്ച് അലോട്ട്മെന്റിൽ നിന്ന് ചെലവഴിക്കണം. ഈ രീതി നടപ്പാക്കാനാണ് മുമ്പ് തീരുമാനിച്ചിരുന്നതെങ്കിലും ഇതിന് സാംഖ്യ സോഫ്റ്റ്

വെയറിൽ ക്രമീകരണം ചെയ്യാൻ കൂടുതൽസമയം വേണമെന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു.

ഈ സാഹചര്യത്തിൽ മുഖ്യ നിർവഹണ സ്ഥാപനം പ്രോജക്ടിന്റെ പുരോഗതി അനുസരിച്ച് മറ്റ തദ്ദേശഭരണ സ്ഥാപനത്തോട് (തുക നൽകുന്ന സ്ഥാപനം) ആവശ്യപ്പെടുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതി തുടരാനുള്ള ക്രമീകരണം സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. ഈ രീതിയിൽ ഫണ്ട് ഉപയോഗിക്കുന്നതിനാവശ്യമായ നടപടി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം. ഒറ്റ അലോട്ട്മെന്റായി തുക മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു കൈമാറുന്ന രീതിക്ക് അടുത്ത ഏപ്രിൽ ഒന്നു മുതൽ സാംഖ്യയിൽ ക്രമീകരണം ചെയ്യുന്നതാണെന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു. ഇതു സമയബന്ധിതമായി പൂർത്തിയാക്കാനും ട്രയൽ മാർച്ച് മാസത്തിൽ തന്നെ ഇടാനും യോഗം നിർദ്ദേശിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ( എഫ്.എം) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**2.2 24.10.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 (3.1 ) മിഷൻ അന്ത്യോദയ സർവേ**

**സാമ്പത്തിക സ്ഥിതി വിവരകണക്ക് ഡയറക്ടറുടെ 10.10.2019-ലെ PL/8790/2019/ DES നമ്പർ കത്ത്**

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മിഷൻ അന്ത്യോദയ സർവേ (2019-20 റൗണ്ട്) കേരളത്തിലും നടത്തിയിരുന്നു. ഗ്രാമങ്ങളിലെ വികസന പ്രശ്നങ്ങളും വിടവുകളും കണ്ടെത്തുകയാണ് സർവേയുടെ മുഖ്യ ലക്ഷ്യം. സർവേ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ മിഷൻ അന്ത്യോദയ പോർട്ടിലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. സർവേ നടത്തിയ ഉദ്യോഗസ്ഥർക്ക് യാത്രാപ്പടി, ഭക്ഷണം, ഹോണറേറിയം എന്നിവ നിശ്ചിത നിരക്കിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെയോ (MGNREGS) ഉപജീവന മിഷന്റെയോ (DAY-NRLM) ഭരണ ചെലവിൽ നിന്ന് അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇവർക്കുള്ള ഓണറേറിയം താഴെപ്പറയുന്ന നിരക്കിൽ അനുവദിക്കണമെന്ന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ ആവശ്യം സംബന്ധിച്ച്

| | |
|---|---|
| (1) ഫീൽഡ്തല ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം ( ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ) | 941 x 300 രൂപ x 4 person<br>11,29,200/- രൂപ |
| (2) ഷെഡ്യൂളുകൾ, ഫോട്ടോ കോപ്പി എടുത്ത ചെലവ് | 15,000/- രൂപ |
| **ആകെ** | **11,44,200/- രൂപ** |

MGNREGS - ന് ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നു ഇതു നൽകുന്നത് സംബന്ധിച്ച ഉത്തരവ്

**നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.2 (3.5)** ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ ഫിഷറീസ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു.

മുമ്പ് നിർമ്മാണം ആരംഭിച്ച 531 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടായിരുന്നു. അതിൽ 488 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 12 വീടുകളുടെ പൂർത്തീകരണം സാധ്യമല്ല. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗതിയിലാണ്. പുതിയ വീടു നിർമ്മാണത്തിന് ലൈഫ് മിഷൻ ലിസ്റ്റിലുള്ള 1220 മത്സ്യതൊഴിലാളികൾ ഉണ്ടായിരുന്നു. ഇതിൽ 528 വീടുകൾ പൂർത്തീകരിച്ചു. ഇതിന് ഫിഷറീസ് വകുപ്പിന്റെ വിഹിതമായ 5.28 കോടി രൂപ ലൈഫ് മിഷനു നൽകി. 5842 ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റ് ലൈഫ് മിഷന്റെ പരിശോധനയ്ക്കും പരിഗണനയ്ക്കുമായി നൽകിയിട്ടുണ്ട്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2(3.8)** ഗവ.മെഡിക്കൽ കോളേജ് ഉള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കണം. ഇതിനാവശ്യമായ നടപടി അതത് ജില്ലാ ആസൂത്രണസമിതികൾ സ്വീകരിക്കണം. ഇതിന് വേണ്ട സാങ്കേതിക സഹായം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും ക്ലീൻ കേരള കമ്പനി എം.ഡി.യും നൽകണം. ആവശ്യമെങ്കിൽ മറ്റ് സാങ്കേതിക സഹായവും തേടണം. ഇതിന് മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടറുടെ അനുമതിയും സഹായവും തേടണം.

ഇതിനാവശ്യമായ സാങ്കേതിക സഹായം നൽകാമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

ഇത് സംബന്ധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് കത്തു നൽകണം. ജില്ലാതലത്തിൽ അതതു സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്രണ്ട്, പ്രിൻസിപ്പൽ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ വിളിച്ചു ചേർത്ത് ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്**
**2) എല്ലാ ജില്ലാ കളക്ടർമാർക്കും/ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**
**4) ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ**

2.2(3.9)

പദ്ധതിച്ചെലവിൽ ഏറ്റവും പുറകിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിൽ ആവശ്യമായ സഹായം കിലയുടെ നേതൃത്വത്തിൽ നൽകണം. ഏറ്റവും പുറകിൽ നിൽക്കുന്ന 20 ഗ്രാമപഞ്ചായത്തുകളെയും 5 വീതം നഗരസഭകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും തെരഞ്ഞെടുത്ത് അവരുടെ പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തി പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിനു വേണ്ട സഹായം കില നൽകണം. ഈ തദ്ദേശഭരണ സ്ഥാപനങ്ങളെ മികച്ച

തലത്തിലേയ്ക്ക് എത്തിക്കാൻ ആവശ്യമായ പരിശീലനം നൽകി ഇടപെടൽ നടത്തണം. ഇതിന്മേൽ സ്വീകരിച്ച നടപടി കില ഡയറക്ടർ വിശദീകരിച്ചു.

പദ്ധതിച്ചെലവിൽ ഏറ്റവും പുറകിൽ നിൽക്കുന്ന തദ്ദശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ രണ്ടു യോഗം കില സംഘടിപ്പിച്ചു. കൂടാതെ പുതിയതായി രൂപീകരിച്ച 28 നഗരസഭകളുടെ പ്രത്യേക യോഗം വിളിച്ചു. പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ ആസൂത്രണ നിർവ്വഹണത്തിൽ പഞ്ചായത്തിനെ സഹായിക്കാൻ ഒരു റിസോഴ്സ് ടീമിനെ രൂപീകരിച്ചു അവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**നടപടി:-1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.2(4.2) എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും അനുബന്ധരേഖകളും (SRG 790/19 - CC 492/19)**

ചൈനയിൽ രണ്ടാം വർഷം MBBS - ന് പഠിക്കുന്ന ആരതി.C.S. എന്ന വിദ്യാർത്ഥിക്ക് വിദേശ പഠനത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

ധനസഹായം ലഭിക്കുന്നതിന് വകുപ്പിന്റെ മാനദണ്ഡപ്രകാരം ഈ വിദ്യാർത്ഥിക്ക് അർഹതയുണ്ടോ, ഇവരുടെ കുടുംബ വരുമാനം, നീറ്റ് പരീക്ഷയിൽ അർഹത മാർക്ക് ലഭിച്ചിട്ടുണ്ടോ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും റിപ്പോർട്ട് നൽകിയിരുന്നില്ല.

ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**
**2)ഡയറക്ടർ, കില**

**3.പൊതുവിഷയങ്ങൾ**

================

**3.1** കാർഷിക മേഖലയിൽ ഒരു ഗ്രാമപഞ്ചായത്തിലെ കൃഷിക്കാർക്ക് അടുത്ത ഗ്രാമപഞ്ചായത്തിൽ അവർക്ക് സ്വന്തമായുള്ള കൃഷി ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ ധനസഹായമടക്കം മറ്റു സഹായങ്ങൾ നൽകുന്നത് സംബന്ധിച്ച് അവ്യക്തതയുണ്ട്. ഇതിന്മേൽ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

**തീരുമാനം :-** കർഷകന് ഏതു പഞ്ചായത്തിൽ/നഗരസഭയിൽ താമസിക്കുന്നു എന്നു നോക്കാതെ ഭൂമി ഏതു പഞ്ചായത്തിലാണോ ആ തദ്ദേശഭരണ സ്ഥാപനത്തിന് കൃഷിക്ക് ധനസഹായം നൽകാവുന്നതാണ് മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു മാനദണ്ഡങ്ങൾ പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.2 ലൈഫ് മിഷൻ പദ്ധതിയിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് FRBL (FACT - RCE Building Product Ltd.)എന്ന ഏജൻസിയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ സ്ഥാപനത്തെ സുലേഖ സോഫ്റ്റ് വെയറിൽ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെടുത്തിയിട്ടില്ല . ഈ ഏജൻസിയേയും സുലേഖയിൽ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെടുത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.3 തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ മുഖ്യ തദ്ദേശഭരണ സ്ഥാപനത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ അലോട്ട്മെന്റായി തുക കൈമാറുന്ന രീതിയാണുള്ളത്. ഇതിനായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ പ്രോജക്ട് ഫോറം ക്രമനമ്പർ 19-ൽ വരുത്തിയിട്ടില്ല. അലോട്ട്മെന്റ് രീതി പ്രാവർത്തികമാക്കുന്നതിന് ഇത്തരം വിവരങ്ങൾ അനിവാര്യമാണ്. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സുലേഖ സൈറ്റ് തുറന്നു നൽകുന്നതിന് ഐ.കെ.എം.- എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. കൂടാതെ ലൈഫ് പദ്ധതിക്കടക്കം മാനദണ്ഡ പ്രകാരമുള്ള പദ്ധതി ഭേദഗതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സൈറ്റ് തുറന്നു നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനേയും ഇൻഫർമേഷൻ കേരള മിഷനെയും ചുമതലപ്പെടുത്തി. SRG പരിശോധിച്ച് അറിയിക്കുന്ന മുറയ്ക്ക് ഐ.കെ.എം. ഇതിനുള്ള ക്രമീകരണം ചെയ്യണം. നടപടിക്രമങ്ങൾ പാലിച്ച് 7 ദിവസത്തിനകം ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭേദതികൾ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.4 സംയുക്ത പ്രോജക്ടുകളിൽ മുഖ്യ നിർവഹണ സ്ഥാപനത്തിന് പണം നൽകുന്ന സ്ഥാപനം അലോട്ട്മെന്റ് നൽകുന്നതിനു പകരം ചില ജില്ലകളിൽ സ്പെഷ്യൽ റ്റി.എസ്. ബി. അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകി. എന്നാൽ ഇപ്പോൾ ഈ തുക സ്പെഷ്യൽ റ്റി.എസ്.ബി.യിൽ നിന്ന് പിൻവലിക്കാൻ ട്രഷറികൾ അനുവദിക്കുന്നില്ല. (ഉദാ.പാലക്കാട് ജില്ലായിലെ എല്ലാ ട്രഷറികളും) അതിനാൽ ലൈഫ് അടക്കമുള്ള ഗുണഭോക്താക്കൾക്ക് തുക നൽകാൻ കഴിയുന്നില്ല. ഇത് പ്രത്യേകമായി പരിഗണിച്ച് ഇത്തരം കേസുകളിൽ മാത്രം തുക പിൻവലിക്കുന്നതിനും ചെലവഴിക്കുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ട്രഷറികൾക്ക് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.5 താഴെപ്പറയുന്ന രണ്ട് ഉത്തരവ്/ സർക്കുലറിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

i) ആരോഗ്യ വകുപ്പിന്റെ 22.09.2019-ലെ PL-A4- 73745/19/ആ.വ.ഡ. നമ്പർ സർക്കുലർ പ്രകാരം ആരോഗ്യ വകുപ്പിന്റെ വസ്തുക്കളിലോ കെട്ടിടങ്ങളിലോ സർക്കാരിന്റേയോ ആരോഗ്യ വകുപ്പിന്റേയോ അനുമതി കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ല എന്നതിന്മേൽ താഴെപ്പറയുന്ന നിർദ്ദേശം നൽകണം

**തീരുമാനം:-** PHC, CHC താലൂക്കാശുപത്രിയടക്കം മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിക്കും /കൂട്ടിച്ചേർക്കലുകൾക്കും അതത് ഓഫീസ് മേധാവിയുടെ അനുമതി വാങ്ങിയാൽ മതിയാകും. വകുപ്പ് മേധാവികളുടെ അനുമതി ആവശ്യമുള്ള കേസുകളിൽ ഓഫീസ് മേധാവി (മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുമതി കാലതാമസം കൂടാതെ വാങ്ങി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇത് സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

ii) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.07.2019-ലെ 151/DB2/19/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ആസ്തികളിൽ മറ്റേതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മേൽ സ്ഥാപനത്തിന്റെ വകുപ്പ് തലവന്റെ അനുമതി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ സ്ഥലത്ത് മറ്റു നിർമ്മാണം നടത്തുന്നതിനെ തടയുന്നതിനാണ് (ഉദാ.ആശുപത്രി കോമ്പൗണിൽ അംഗനവാടി കെട്ടിട നിർമ്മാണം) തദ്ദേശസ്വയം ഭരണ വകുപ്പ് ഇപ്രകാരമൊരു ഉത്തരവിറക്കിയത് എന്ന് യോഗം വിലയിരുത്തി.

മുകളിൽ പറഞ്ഞ ഉത്തരവു മൂലം ആശുപത്രി കെട്ടിടങ്ങൾ സ്കൂളുകൾ എന്നിവയുടെ നിർമ്മാണ/അറ്റകുറ്റപ്പണിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവ്യക്തത ദൂരീകരിക്കുന്നതിന് വ്യക്തത വരുത്തി ഉത്തരവിറക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 3.6 ഭിന്നശേഷി സൗഹൃദ കേരളം

**ബഹു.ആരോഗ്യ കുടുംബക്ഷേമ - സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ 28.11.2019-ലെ കുറിപ്പ്**

2019 ഡിസംബർ 3 ലോക ഭിന്നശേഷി ദിനമായിരുന്നു. ഇതിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് ‘‘ഭിന്നശേഷി സൗഹൃദ കേരളം’’ എന്ന കാമ്പയിൻ 03.12.2019 മുതൽ ഡിസംബർ 30 വരെ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ഗ്രാമപഞ്ചായത്തു തലത്തിലും നഗരസഭാതലത്തിലും പ്രത്യേകമായി ഭിന്നശേഷി സൗഹൃദ ഗ്രാമസഭകൾ ചേരണമെന്നും ഭിന്നശേഷിക്കാരെയും അവരുടെ രക്ഷിതാക്കളേയും പങ്കെടുപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം വേണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷി ഗ്രാമസഭ നിർബന്ധമാണ്. തദ്ദേശഭരണ സ്ഥാപന തലത്തിലാണ് ഭിന്നശേഷി ഗ്രാമസഭ ചേരേണ്ടത്. 2020-2021-ലെ പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരേണ്ടതാണ്. ഇതോടൊപ്പം സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്നു

നടപ്പാക്കുന്ന ഭിന്നശേഷി സൗഹൃദ കേരളം പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉണ്ടാകണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സാമൂഹ്യനീതി വകുപ്പ്**
**3) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

3.7 അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകുന്നതിനുള്ള തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വനിത ശിശു ക്ഷേമ വകുപ്പിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് ധനവകുപ്പ് അറിയിച്ചിരുന്നുവെങ്കിലും ചില ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. ഇതു സംബന്ധിച്ച വിശദാംശം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഇന്നു തന്നെ (06.12.2019- ന്) ധനവകുപ്പിന് നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൂന്നാം ഗഡു വിതരണം ചെയ്യുന്നതിന് ഈ വിവരങ്ങൾ ആവശ്യമായതിനാൽ ഇതിൽ കാലതാമസം വരുത്തരുത്. ഈ വിവരങ്ങൾ കിട്ടിയാലുടൻ മൂന്നാം ഗഡുവും ഒട്ടും കാലതാമസം കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2)ധനവകുപ്പ്**

3.8 24.10.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലേയും മത്സ്യതൊഴിലാളി വിഭാഗത്തിലെ കുടുംബങ്ങളിലേയും വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന നിർദ്ദേശം ഐ.റ്റി മിഷൻ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അവതരിപ്പിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന ലാപ് ടോപ്പുകൾ CPRCS പോർട്ടിലിൽ നിന്നു വാങ്ങേണ്ടതാണ്. ഓർഡർ നൽകുമ്പോൾ പോർട്ടിലിൽ അതത് സമയത്തുള്ള വില നൽകണം. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കുവേണ്ടി CPRCS- ൽ ലഭ്യമായ Medium - end ലാപ് ടോപ്പുകൾ വാങ്ങാവുന്നതാണ്. ഈ വിഭാഗത്തിൽ തന്നെ UBUNTU( ഉബുണ്ടു) അധിഷ്ഠിതമായ ലാപ് ടോപ്പുകളും windows അധിഷ്ഠിതമായ ലാപ് ടോപ്പുകളും ലഭ്യമാണ്. മൂന്നു വർഷം വാറണ്ടിയോടുകൂടി GST + Flood Cess കൂടി ഉൾപ്പെടുത്തിയിട്ടുള്ള വില താഴെപ്പറയും പ്രകാരമാണ്. ഇതിൽ അനുയോജ്യമായ മോഡൽ തിരഞ്ഞെടുക്കാവുന്നതാണ്.

UBUNTU ( ഉബുണ്ടു) അധിഷ്ഠിതമായ ലാപ് ടോപ് - 22895/- രൂപ
Windows Home അധിഷ്ഠിതമായ ലാപ് ടോപ് - 27722/- രൂപ

ലാപ് ടോപുകളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

Laptops

## 1 Laptop Medium End Ubuntu

**Processor:** Intel core i3 7020 U/7100 U @2.3 GHz /2.4 GHz,4 threads, 3.0 MB cache

**Lithography :** 14nm, TDP : 15 W

**Memory :** 4 GB DDR4 RAM/DDR3 RAM Expandable up to at least 8 GB/16 GB

**Hard Disk :** 500 GB, 7200 rpm or Higher

**Display :** Antiglare HD LED Backlit Disply

**Disply Size :** 14”

**Wireless Connectivity :** Integrated wireless b/g/n,Integrated Bluetooth

**Speaker** - Integrated Stereo speaker

**Keyboard:** Keyboard with touch pad

**Camera:** Integrated HD Camera

**Audio :** Integrated

Expansion Port: 3 USB Port (at least two number of USB 3.0 and one number of Type C), 10/100/1000 Ethernet Card, HDMI, 1 Head phone/microphone

combo or separate & other Standard features

Power supply: 230V, 50Hz AC Supply with rechargeable Battery Pack comprising of Li-polymer battery

Mouse : Optical scroll mouse

carry case: Backpack

weight : Less than or equal to 1.7 kg

Warranty: 3 year comprehensive onsite. 1 year for battery and charger

Certification: ROHS Complaince & BIS for product

Operating System : ubundu 16.04 or later should support

## 2 Laptop Medium End windows 10 Home

**Processor :** Intel core i3 7020 U/7100 U @2.3 GHz /2.4 GHz,4 threads, 3.0MB cache

**Lithography :** 14nm, TDP : 15 W

**Memory :** 4 GB DDR4 RAM/DDR3 RAM Expandable up to at least 8 GB/16 GB

**Hard Disk :** 500 GB, 7200 rpm or Higher

**Display** : Antiglare HD LED Backlit Disply

**Disply Size** : 14”

**Wireless Connectivity :** Integrated wireless b/g/n, Integrated Bluetooth

**Speaker** Integrated Stereo speaker

**Keyboard:** Keyboard with touch pad

**Camera:** Integrated HD Camera

**Audio :** Integrated

**Expansion Port:** 3 USB Port (at least two number of USB 3.0 and one number of Type C), 10/100/1000 Ethernet Card, HDMI, 1 Head phone/microphone

combo or separate & other Standard features

**Power supply:** 230V, 50Hz AC Supply with rechargeable Battery Pack comprising of Li-polymer battery

**Mouse :** Optical scroll mouse

**carry case:** Backpack

**weight :** Less than or equal to 1.7 kg

**Warranty:** 3 year comprehensive onsite. 1 year for battery and charger

ഐ.ടി മിഷൻ ഡയറക്ടറുടെ ശുപാർശ യോഗം അംഗീകരിച്ചു. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങുന്നതിന് ഈ നിരക്കും, മാനദണ്ഡവും നടപടിക്രമങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. മറ്റു രീതിയിൽ ലാപ് ടോപ്പുകൾ വാങ്ങാവുന്നതല്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ CPRCS പോർട്ടലിൽ മുകളിൽ പറഞ്ഞ മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ് ലഭ്യമല്ലാതെ വന്നാൽ മാത്രം മുകളിൽ പറഞ്ഞ വിലയിൽ അധികരിക്കാതെ ടെണ്ടർ മുഖേന ലാപ് ടോപ് വാങ്ങാവുന്നതാണ്.

മുകളിൽ പറഞ്ഞ മാനദണ്ഡം നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി പാലിക്കേണ്ടതാണ്.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.9** പ്രളയകാലത്ത് നഷ്ടപ്പെട്ടുപോയ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പശുക്കളെ വാങ്ങാൻ ധനസഹായം നൽകുമ്പോൾ കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തു നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും കന്നുകാലികളെ സംസ്ഥാനത്തിനകത്തു നിന്നും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്നതനുസരിച്ച് കന്നുകാലികളെ സംസ്ഥാനത്തിനകത്തു നിന്നോ പുറത്തു നിന്നോ വാങ്ങാൻ അനുമതി നൽകാവുന്നതാണെന്ന് യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചു. ഇതനുസരിച്ച് കന്നുകാലികളെ സംസ്ഥാനത്തിനകത്തു നിന്നോ പുറത്തു നിന്നോ വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.10** ആസൂത്രണ മാർഗ്ഗരേഖ പ്രകാരം എസ്.സി./എസ്.റ്റി വിദ്യാർത്ഥികളുടെ പഠനമുറിക്ക് നൽകാവുന്ന പരമാവധി തുക 2.00 ലക്ഷം രൂപയാണ്. ആദ്യ ഗഡുവായി 50,000/- രൂപയും ബാക്കി തുക വാല്യുവേഷന്റെ അടിസ്ഥാനത്തിലുമാണ് നൽകുന്നത്. ഈ രീതിക്കു പകരം 50,000/- രൂപ ആദ്യ ഗഡുവായും ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ട് ഗഡുക്കളായും നൽകാവുന്നതാണ്. ആദ്യ ഗഡു നൽകി അതിന്റെ നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായ 75,000/- രൂപ നൽകാം. പഠനമുറി പൂർത്തിയാക്കി അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75,000/- രൂപയിൽ നിന്ന് അർഹതപ്പെട്ട തുക നൽകാവുന്നതാണ്. വാല്യുവേഷൻ നടത്തേണ്ടത് ബന്ധപ്പെട്ട എഞ്ചിനീയർ ആയിരിക്കണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.11** കഴിഞ്ഞ വർഷം ഓരോ ജില്ലാ പഞ്ചായത്തുകളുടേയും എത്ര നിർമ്മാണ പ്രോജക്ടുകൾ ക്യൂ ബിൽ ഗണത്തിൽ ഉൾപ്പെട്ടതെന്നും അതിന്റെ തുക എത്രയെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3.12** കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള മെയിന്റനൻസ് ചെലവുകൾ വഹിക്കുന്നതിന് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുന്നതിന് അനുമതി നൽകിക്കൊണ്ട് 26.02.2019 ലെ സ.ഉ(സാധാ)നം.426/2019/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ഇതിന്റെ നടത്തിപ്പിൽ ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ വിഷയം ചർച്ചചെയ്യുന്നതിനായി 05.12.2019 ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ ഉരുത്തിരിഞ്ഞു വന്ന താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് യോഗം അംഗീകാരം നൽകി.

(i) കോക്ലിയാർ ഇംപ്ലാന്റിനു ശേഷമുള്ള മെയിന്റനൻസ് 2020-21 സാമ്പത്തിക വർഷം മുതൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ ഒരു സംസ്ഥാന പരിപാടിയായി മിഷന്റെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പാക്കേണ്ടതാണ്.

(ii) 26.02.2019 ലെ സ.ഉ(സാധാ)നം.426/2019/തസ്വഭവ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 18 തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് ആകെ 65,75,520/- രൂപ വിവിധ കുട്ടികളുടെ കോക്ലിയാർ ഇംപ്ലാന്റിന്റെ മെയിന്റനൻസിനു വേണ്ടി സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും കൈമാറിയ ഫണ്ടിന്റെയും ഗുണഭോക്താക്കളുടേയും വിശദാംശങ്ങൾ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നു ഗുണഭോക്താക്കളായ കുട്ടികളുടെ രക്ഷാകർത്താക്കളുടെ സംഘടനകൾക്ക് (CIACS, KCIST) കൈമാറുന്നതും ഈ സംഘടനകൾ രക്ഷിതാക്കളുമായി ബന്ധപ്പെട്ട് നിശ്ചിത അപേക്ഷാ ഫോറത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം മുഖേന സോഷ്യൽ സെക്യൂരിറ്റി മിഷന് തിരികെ കൈമാറുന്നതുമാണ്. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ(സി.പി.ഒ) മാരുടെ സഹായം തേടുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുള്ള തുക ഉപയോഗിച്ച് എല്ലാ ഗുണഭോക്താക്കളുടേയും കോക്ലിയാർ ഇംപ്ലാന്റിന്റെ മെയിന്റനൻസ് സോഷ്യൽ സെക്യൂരിറ്റി മിഷൻ നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. ചെലവിന്റെ വിശദാംശങ്ങൾ സോഷ്യൽ സെക്യൂരിറ്റി മിഷൻ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനവും നൽകിയ തുകയിൽ വ്യതിയാനം ഉണ്ടാവുകയാണെങ്കിൽ സാധൂകരണത്തിനുള്ള പ്രൊപ്പോസൽ 2020 ഏപ്രിലിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(iii) മെയിന്റനൻസ് സംബന്ധമായ മാർഗ്ഗരേഖ സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്. മെയിന്റനൻസ് സംബന്ധമായ പ്രൊപ്പോസലുകൾ ഓരോന്നും സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച ശേഷം അതിനനുസരിച്ച് ആവശ്യമായ തുക മാത്രം തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി വകയിരുത്തിയാൽ മതിയെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ഫയലിൽ രേഖപ്പെടുത്തി നൽകിയ അഭിപ്രായം മേൽപ്പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് പരിഗണിക്കേണ്ടതില്ല.

**നടപടി :-1) സാമൂഹ്യക്ഷേമ വകുപ്പ്**
**2) സോഷ്യൽ സെക്യൂരിറ്റി മിഷൻ**
**3) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

3.13 നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് അംഗനവാടി കെട്ടിടങ്ങൾ അടക്കം മറ്റ് പുതിയ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതല്ല. എന്നാൽ നിലവിലെ കെട്ടിടങ്ങളോടനുബന്ധിച്ച് ശുചിമുറി, കഞ്ഞിപ്പുര തുടങ്ങിയ അനുബന്ധ നിർമ്മാണങ്ങൾക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

**====================**

## 4.1 ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

**ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.03.2018-ല A2-700/18-ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 31.07.2018-ലെ 7-16938/18-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 925/19 - LSGD/FM2/300/2018 - LSGD)**

പഞ്ചായത്തിൽ 2015-16-ൽ MPLAD - യിൽ നിന്ന് 10.00 ലക്ഷം രൂപ ഉപയോഗിച്ച് പാലേരിപ്പള്ളി വണ്ണാംകണ്ടി റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്തിരുന്നു. നാട്ടുകാരുടെ ആവശ്യ പ്രകാരം ഇതിനോട് ചേർന്ന് 96 മീറ്റർ റോഡു കൂടി അധികമായി ചെയ്തു. അധിക പ്രവൃത്തിക്ക് സാങ്കേതികാനുമതിയടക്കം മറ്റു നടപടിക്രമങ്ങൾ പാലിച്ചില്ല. ഇതിന് അന്നത്തെ നിരക്കു പ്രകാരം 3,96,000/- രൂപ നൽകാനുണ്ട്. ഈ തുക നൽകാൻ 2017-18-ൽ തനത് ഫണ്ട് ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചിട്ടുണ്ട്. തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 1) ഇതിന്റെ വാല്വേഷൻ എടുത്ത് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ്**

**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.2 ചടയമംഗലം ഗ്രാമ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2019-ലെ കത്ത്(2എണ്ണം) (SRG 871/19 - CC 646/19, SRG 872/19 - CC645/19)**

**1) പ്രോ.നം. 182/20 അടങ്കൽ 16,93,000/- രൂപ**
**(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)**

**2) പ്രോ.നം. 181/20 അടങ്കൽ 28,07,000/- രൂപ**
**(വികസനഫണ്ട് - 15,900/- രൂപ**
**തനത് ഫണ്ട് - 27,91,100/- രൂപ)**

ചടയമംഗലം ഗ്രാമപഞ്ചായത്ത് KSRTC ബസ് സ്റ്റാന്റിനുവേണ്ടി 20.09.2000-ൽ ചടയമംഗലം ഗ്രാമപഞ്ചായത്ത് റിക്വസിഷനിംഗ് അതോറിറ്റിയായി വിവിധ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുത്തിരുന്നു. ലാന്റ് അക്വസിഷൻ ഓഫീസർ ഏറ്റെടുത്ത വസ്തുക്കളെ രണ്ടായി തിരിച്ച് കാറ്റഗറി -1 (MC റോഡ് അക്സസ്സ് ഉള്ളത്) ഒരു ആറിന് 11,290/- രൂപയും കാറ്റഗറി -2-ന് ( MC റോഡ് അക്സസ്സ് ഇല്ലാത്തത്) ഒരു ആറിന് 1304/- രൂപ പ്രകാരവും വില നിശ്ചയിച്ചിരുന്നു. എന്നാൽ നിശ്ചയിച്ച വിലക്കെതിരെ ഭൂ ഉടമകൾ സബ് കോടതിയെ സമീപിച്ചു. 26.11.2013-ലെ സബ്

കോടതി വിധിപ്രകാരം കാറ്റഗറി -1 ന് ഒരു ആറിന് 22,580/- രൂപയും കാറ്റഗറി - 2ന് ഒരു ആറിന് 5216/- രൂപയും ആണ്. ഇതിന്മേൽ പഞ്ചായത്ത് ബഹു.ഹൈക്കോടതിയിൽ നൽകിയ അപ്പീലുകൾ തള്ളി.

ഭൂഉടമകൾക്ക് ബാക്കി തുക നൽകുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇതിന് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 കോട്ടയം ഗ്രാമ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2019-ലെ കത്തും 30.09.2019-ലെ 170/2019(1)ാം നമ്പർ ഭരണസമിതി തീരുമാനവും (SRG - 920/19 CC/675/19)**

***പ്രോ.നം. 160/19*** ***അടങ്കൽ - 16,00,000/- രൂപ***

***(വികസനഫണ്ട് - 10,00,000/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/- രൂപ)***

***ജില്ലാ പഞ്ചായത്ത് വിഹിതം 3,00,000/- രൂപ)***

***പേര് - അഗതി രഹിത കേരളം - ഭവന നിർമ്മാണം***

കോട്ടയം ഗ്രാമപഞ്ചായത്തിൽ അഗതി കേരളം പദ്ധതിയിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾ ഭവന രഹിതരായിട്ടുണ്ട്. ഇവർ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ലൈഫ് മിഷൻ ലിസ്റ്റിലുള്ള ഭൂമിയുള്ള മുഴുവൻ ഭവന രഹിതർക്കും വീട് നൽകി. തുക മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് (20%ത്തിൽ ഉൾപ്പെട്ട തുക) മുകളിൽ പറഞ്ഞ 4 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം** :- ഇവർ അഗതി കേരളം പദ്ധതിയിൽ ഉൾപ്പെട്ടവരാണോ എന്നും ആണെങ്കിൽ എന്തുകൊണ്ട് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നൊഴിവായി എന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

2) **എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ**

## 4.4 നീലേശ്വരം മുനിസിപ്പാലിറ്റി

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2019-ലെ കത്തും നീലേശ്വരം മുനിസിപ്പൽ സെക്രട്ടറിയുടെ 26.08.2019-ലെ G3-9000/18-ാം നമ്പർ കത്തും (SRG 921/19/CC/552/19)**

***പ്രോ.നം. 141/20*** ***അടങ്കൽ 3,07,90,527/- രൂപ***

***(വികസനഫണ്ട് - 57,90,527/- രൂപ***

***തനത് ഫണ്ട് - 1,00,00,000/- രൂപ***

***ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,50,00,000/- രൂപ )***

***പേര് - നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം***

57 വർഷം പഴക്കമുള്ള പഞ്ചായത്തു കെട്ടിടത്തിലാണ് ഇപ്പോൾ നഗരസഭ ഓഫീസ് പ്രവർത്തിക്കുന്നത്. അത് പുതുക്കി പണിയാൻ 7.15 കോടിരൂപയുടെ ചെലവ് ഉണ്ട്. ഇതിനാവശ്യമായ തുക 2019-20, 2020-21 വർഷങ്ങളിലായി ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നു. ഈ വർഷത്തെ അടങ്കലിനു പ്രോജക്ട് തയ്യാറാക്കി. അടങ്കൽ താഴെപറയും പ്രകാരമാണ്.

| ക്രമനം | ഫണ്ട് ഇനം | വർഷം | |
|---|---|---|---|
| | | 2019-20 | 2020-21 |
| 1 | വികസന ഫണ്ട് | 57,90,527/- രൂപ | 1,00,00,000/- രൂപ |
| 2 | തനത് ഫണ്ട് | 1,00,00,000/- രൂപ | 79,09,473/- രൂപ |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,50,00,000/- രൂപ | 2,28,00,000 |
| | **ആകെ** | **3,07,90,527/- രൂപ** | **4,07,09,473/- രൂപ** |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം** :-
1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. ആയതിനാൽ അനുമതി നിരസിക്കുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ കഴിയാത്തതിനാൽ മറ്റു രീതിയിൽ ഫണ്ട് നൽകുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത **കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട്** നൽകണം.
2) നഗരസഭാ ഓഫീസിന് ഇത്രയും അടങ്കൽ ഉള്ള കെട്ടിടത്തിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)നഗരകാര്യ ഡയറക്ടർ**

## 4.5 ഉർവ്വൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2019-ലെ കത്തും അനുബന്ധ കുറിപ്പും (SRG 916/19 - CC/697/19)**

**പ്രോ.നം.237/20 അടങ്കൽ 4,00,000/-രൂപ (തനത് ഫണ്ട്)**

**പേര് - ഗ്രാമ ജ്യോതി മാലിന്യ സംസ്കരണം**

വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ സ്വീകരിച്ചുകൊണ്ട് മാലിന്യം ശേഖരിച്ച് സമഗ്രമായ മാലിന്യ നിർമ്മാർജന പദ്ധതി വിഭാവനം ചെയ്യുന്നു. വില്പന മൂല്യമില്ലാത്ത വസ്തുക്കൾ തമിഴ് നാട്ടിലെ ACC സിമെന്റ് ഫാക്ടറിയിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. ഇതിനായി ഒരു ലോഡിന് 10,000 /- രൂപ മാത്രമേ ചെലവുള്ളൂ.

ഗ്രാമജ്യോതി മാലിന്യ സംസ്കരണ പരിപാടിയിൽ ഒരു വർഷം പ്രതീക്ഷിക്കുന്ന വരുമാനം 9,08,000/- രൂപയും ചെലവ് 12,60,000/-രൂപയുമാണ്.അധികമായ ചെലവ് 3,52,000/- രൂപ. ഇതു കണ്ടെത്തുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം** :- തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.6 കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ കത്തും പഞ്ചായത്തിന്റെ 13.08.2019-ലെ V-ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം. 170/19 അടങ്കൽ - 3,06,450/- രൂപ***

***പേര് - പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം - രണ്ടാം ഘട്ടം***

02.03.2019-ലെ 500/2019/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം 31.03.2019 വരെയും തുടർന്ന് 01.04.2019 മുതൽ 31.05.2019 വരെയും കുടിവെള്ള വിതരണത്തിന് വികസനഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും അനുമതി നൽകിയിരുന്നു. 31.03.2019 വരെ 5.50 ലക്ഷം രൂപയും 01.04.2019മുതൽ 31.05.2019 വരെ 11.00 ലക്ഷം രൂപയുമായിരുന്നു ഗ്രാമപഞ്ചായത്തിനു ചെലവഴിക്കാവുന്ന പരമാവധി തുക. ഇതനുസരിച്ച് മാർച്ച് 31 വരെ 48,600/- രൂപ ചെലവഴിച്ചു. ഏപ്രിൽ ഒന്നു മുതലുള്ള കുടിവെള്ളത്തിന് 3,06,450/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ഈ തുകയ്ക്ക് 2019-20-ൽ പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. ഈ തുക നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** : അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.7 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്തും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31.08.2019 -ലെ 8(3)-ാം നമ്പർ തീരുമാനവും ( SRG/888/19 - CC/655/2019)**

***പ്രോ.നം. 48/20 അടങ്കൽ 15,00,000/-രൂപ (വികസനഫണ്ട്)***

***പേര് - ഡയാലിസിസിന് ധനസഹായം***

കിഡ്നി രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആകെ ചെലവിന്റെ 25 ശതമാനത്തോളം തുക നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിൽ 2016-17 മുതൽ നടപ്പാക്കുന്നു. ഒരു രോഗിക്ക് ആഴ്ചയിൽ 1000/- രൂപയും വർഷാവസാനം ഈ

പ്രോജക്ടിന് വകയിരുത്തിയിരിക്കുന്ന തുകയുടെ മിച്ചം എല്ലാ ഗുണഭോക്താക്കൾക്കും തുല്യമായി നൽകുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഈ വർഷവും ഈ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഓഡിറ്റ് വകുപ്പ് തടസ്സം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച് .

**തീരുമാനം :-** 1) രോഗികൾക്ക് നേരിട്ട് തുക നൽകാവുന്നതല്ല. ഡയാലിസിസ് നടത്തുന്ന ആശുപത്രി മുഖേന ധനസഹായം നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.
2) ഓഡിറ്റ് കുറിപ്പിന്മേൽ ആവശ്യമെങ്കിൽ തുടർ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.8 ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

**പഞ്ചായത്തു ഡയറക്ടറുടെ 23.10.2019-ലെ J1-20909/18-ാം നമ്പർ കത്ത് ( SRG 1071/19)**

2018-19 വർഷം ചെറുന്നിയൂർ കാർഷിക കർമ്മസേനയ്ക്കുള്ള വാഹനം (പിക് അപ് വാൻ) വാങ്ങുന്നതിന് 5,50,000/- രൂപ വകയിരുത്തിയ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ചു. ഇതനുസരിച്ച് വാഹനവും വാങ്ങി. സർക്കാർ അനുമതി ഇല്ലാതെ വാഹനം വാങ്ങിയതിനാൽ സാധൂകരണം സംബന്ധിച്ച്.

**തീരുമാനം :-** വിഷയം പരിഗണിച്ചില്ല. വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.9 വയനാട് ജില്ലാ പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും ( SRG/953/19- CC/763/19)**

***പ്രോ.നം. 263/19*** ***അടങ്കൽ - 1,00,000,00***
***(വികസനഫണ്ട് - 25,00,000/-***
***തനത് ഫണ്ട് - 5,00,000/-***
***സംഭാവന - 70,00,000/- )***

***പേര് : ജീവനം (ഡയാലിസിസ് രോഗികൾക്ക് ധനസഹായം)***

വൃക്ക രോഗികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടാണ്. ഡയാലിസിസ് ചെയ്യുന്നതിന് രോഗികളുടെ അക്കൗണ്ടിലേയ്ക്ക് പ്രതിമാസം 3000/- രൂപ നൽകുന്നു. കൂടാതെ വൃക്ക മാറ്റി വച്ച രോഗികൾക്ക് മരുന്നു നൽകുകയും നിരാലംബരായ കിടപ്പുരോഗികളെ പരിചരിക്കാൻ വാളണ്ടിയറെ സജ്ജമാക്കുകയും ആണ് പ്രധാന പ്രവർത്തനം. ഇതിന് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഡയാലിസിസ് ചെയ്യുന്ന രോഗികളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറാവുന്നതല്ല. എന്നാൽ ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് തുക കൈമാറുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണ്. കിടപ്പ രോഗികളെ പരിചരിക്കൽ പാലിയേറ്റീവ് യൂണിറ്റുമായി ചേർന്ന് നടപ്പാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.10 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2019-ലെ കത്ത് ( SRG/854/19-CC/619/19)**

*പ്രോ.നം. 125/20* *അടങ്കൽ - 5,05,000/- രൂപ*

*(വികസനഫണ്ട് - 5,00,000/- രൂപ*

*സംഭാവന- 5,000/- രൂപ*

***പേര് : LED തെരുവുവിളക്ക് സ്ഥാപിക്കൽ***

LED തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള ഈ പ്രോജക്ടിന് ഡി.പി.സി. അനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.11 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2019-ലെ കത്ത് ( SRG/855/19-CC/618/19)**

*പ്രോ.നം. 20/19* *അടങ്കൽ - 11,11,000/- രൂപ (SCP)*

*(വികസനഫണ്ട് - 11,00,000/- രൂപ*

*സംഭവാന - 11,000/- രൂപ)*

***പേര് : പട്ടികജാതി കോളനികളിൽ LED ലൈറ്റ് സ്ഥാപിക്കൽ***

LED തെരുവുവിളക്ക് സ്ഥാപിക്കാനുള്ള ഈ പ്രോജക്ടിന് അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** പട്ടികജാതി കോളനിയിൽ ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഉണ്ടായിരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.12 ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2019-ലെ കത്തും ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.09.2019-ലെ A3-5057/18-ാം നമ്പർ കത്തും**

*പ്രോ.നം. 141/20* *അടങ്കൽ - 3,60,000 രൂപ (TSP)*

***പേര് : വയോജനങ്ങൾക്ക് കിടക്ക വിതരണം***

വയോജനങ്ങൾക്ക് കിടക്ക വിതരണം ചെയ്യാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കയർ ഫെഡിൽ നിന്നും കിടക്ക വാങ്ങി നൽകണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.13 കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2019-ലെ കത്തും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 18.01.2019-ലെ 1(5)-ാം നമ്പർ ഭരണ സമിതി തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.24) സാക്ഷരതാ മിഷൻ ഡയറക്ടറുടെ 11.07.2019-ലെ P37112/ കേ.സം.സാ.മി.അ.കത്ത്**

***പ്രോ.നം. 42/20*** ***അടങ്കൽ- 50,000 രൂപ (വികസനഫണ്ട്)***

***പേര് : അക്ഷര ലക്ഷം പദ്ധതി***

സാക്ഷരതാ പദ്ധതിയുടെ ഭാഗമായി നിരക്ഷരരെ കണ്ടെത്തുന്നതിനും സർവ്വേ നടത്തുന്നതിനും ഇതിന്റെ ഭാഗമായി ക്ലാസ്സ് എടുക്കുന്നതിനും പ്രോജക്ട് നടപ്പാക്കി. ഇതിന് സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. ഇതിന്മേൽ സാക്ഷരതാ മിഷൻ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗം (ഖണ്ഡിക 4.24) നിർദ്ദേശിച്ചിരുന്നു. ഇതിന് സാധൂകരണം നൽകാവുന്നതാണെന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചു. സാധൂകരണം നൽകുന്നത് സംബന്ധിച്ച്

**തീരുമാനം :-** സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.14 മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

**മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.09.2019-ലെ കത്ത് ( SRG 825/19)**

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാല ഗവ. ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് പേരാവൂർ ബ്ലോക്ക് പഞ്ചായത്തും മുഴക്കുന്ന് ഗ്രാമപഞ്ചായത്തും 10.00 ലക്ഷം രൂപ വീതം മുടക്കി സംയുക്ത പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ജില്ലാ പഞ്ചായത്തിന്റെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.15 തൊടുപുഴ മുനിസിപ്പാലിറ്റി

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2019-ലെ കത്തും തൊടുപുഴ നഗരസഭയുടെ 22.06.2019-ലെ 23/23-ാം നമ്പർ കൗൺസിൽ തീരുമാനവും ( SRG /860/19 CC462/19)**

*പ്രോ.നം. 176/19* *അടങ്കൽ 12.00 കോടി രൂപ (KURDFC ലോൺ)*

***പേര് :- മാങ്ങാട്ട് കവല ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം***

മാങ്ങാട്ട് കവല ഷോപ്പിംഗ് കോംപ്ലക്സിനുള്ള ഈ പ്രോജക്ടിന് 04.10.2014-ൽ 11.00 കോടിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് വർഷങ്ങളായി സ്പിൽ ഓവർ ആയി തുടരുന്നു. ഇതിന്റെ അടങ്കൽ പുതുക്കി ഭേദഗതി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അടങ്കൽ പുതുക്കുന്നതിന്റെ ആവശ്യം സംബന്ധിച്ച് വിശദമായി പരിശോധിച്ച് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

## 4.16 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.02.2019-ലെ കത്ത് (SRG 280/19 CC/165/2019)**

*പ്രോ.നം. 149/19* *അടങ്കൽ 5,50,000/- രൂപ (SCP)*

***പേര് :- വിദ്യാർത്ഥികൾക്ക് പഠനമുറി ( SC)***

ശ്രീ. സുരേന്ദ്രൻ KT (S/o ആണ്ടി, കൊയിലോത്ത് തറേമ്മേൽ) എന്ന ആൾക്ക് പഠനമുറി നിർമ്മിക്കാൻ 50,000/- രൂപ മുൻകൂറായി നൽകി. 20.07 ച.മീറ്റർ വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാനാണ് അനുമതി നൽകിയത്. എന്നാൽ ഗുണഭോക്താവ് 50.ച.മി. വിസ്തീർണ്ണത്തിൽ വീടിന് ഒന്നാം നില നിർമ്മിച്ചു. അതിനാൽ ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടയ്ക്കാൻ നോട്ടീസ് നൽകി. ബാങ്ക് വായ്പ കൂടി എടുത്താണ് ഒന്നാം നില പണിതത്. ഈ സാഹചര്യത്തിൽ കൂടുതൽ വിസ്തീർണ്ണത്തിൽ ഒന്നാം നില പണിത നടപടിക്ക് സാധൂകരണം നൽകണമെന്നും ശേഷിക്കുന്ന 1.50 ലക്ഷം രൂപ കൂടി നൽകാൻ അനുമതി വേണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.17 കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.10.2019-ലെ കത്തും 05.08.2019-ലെ 170/20-ാം നമ്പർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനവും (SRG 864/19, 865/19 CC/587/19, 588/19**

*പ്രോ.നം. 12/20* *അടങ്കൽ 67,52,600/രൂപ*

*പ്രോ.നം. 18/19* *അടങ്കൽ 15,19,600/- രൂപ*

***പേര് :- 1) ലൈഫ് PMAY അധിക തുക ( ജനറൽ)***
***2) ലൈഫ് PMAY അധിക തുക ( SCP)***

ലൈഫ് PMAY പദ്ധതിക്ക് അധിക തുകയായി മാറ്റി വച്ചിരുന്ന പൊതു വിഭാഗത്തിൽ 42,40,600/- രൂപയും SCPയിൽ 14,07,600/- രൂപയും

ഗുണഭോക്താക്കളുടെ കുറവു കാരണം മിച്ചമുണ്ട്. ഇതുപയോഗിച്ച് മറ്റു പ്രോജക്ടുകൾ എടുക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു. കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ ഭൂമിയുള്ള ഭവന രഹിതർ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾ ഉണ്ടെങ്കിൽ അവർക്ക് ഭവന നിർമ്മാണത്തിന് ഈ തുക നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഗുണഭോക്താക്കൾ ഇല്ലായെങ്കിൽ ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങാനോ ഭവന സമുച്ചയം നിർമ്മിക്കുന്നതിനോ ഈ തുക ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.18 നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2019-ലെ കത്തും 18.09.2019-ലെ 2(8) -ാം നമ്പർ ഭരണ സമിതി തീരുമാനവും(SRG867/19 - CC626/19)**

***പ്രോ.നം. 154/19 അടങ്കൽ 9,50,000/- രൂപ***

***പേര് :- വനിത ഹെൽത്ത് ക്ലബ്***

2018-19-ൽ വനിതാ ഹെൽത്ത് ക്ലബ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആംരംഭിച്ചില്ല. ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. മൂക്കുമല ഹയർ സെക്കന്ററി സ്കൂളിൽ തയ്യാറാക്കിയ കെട്ടിടത്തിൽ ഹെൽത്ത് ക്ലബ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ മുഖേന നടപ്പാക്കാനാണ് ലക്ഷ്യം. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.19

**ഐ.കെ.എം**

**എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.2019-ലെ എഫ് - 10302/2018-ാം നമ്പർ കത്ത് ( SRG 757/19)**

ജി.ഒ. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഐ.കെ.എം. സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. എന്നാൽ ജി.ഒ. പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ മാത്രമാണ് സെലക്ട് ചെയ്യുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉള്ളത്. എന്നാൽ മരാമത്ത് പണികൾ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയുടെ നിർവഹണം അസിസ്റ്റന്റ് എഞ്ചിനീയർ പോലെ മറ്റു ചിലരാണ്. ഈ സാഹചര്യത്തിൽ ആവശ്യാനുസരണം നിർവഹണദ്യോഗസ്ഥരായി മറ്റുള്ളവരെ ഉൾപ്പെടുത്തുന്നതിന് ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** പൊതുവേ ജി.ഒ. പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. മറ്റുള്ളവരെ ചേർക്കണമെങ്കിൽ അതത് തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന തനുസരിച്ച് ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ഐ.കെ.എം. ഡയറക്ടർ**

## 4.20 പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫസറുടെ 04.10.2019-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.10.2019-ലെ C/1721/19- ാം നമ്പർ കുറിപ്പും ( SRG 869/19 CC/637/19)**

***പ്രോ.നം. 26/20*** ***അടങ്കൽ 18,50,000/- രൂപ***

***പേര് - നിർമ്മലം, നിർഭയം***

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ CC TV ക്യാമറ വയ്ക്കുന്നതിനുള്ള പ്രോജക്ട് കഴിഞ്ഞ വർഷം നടപ്പാക്കി. ഇതിന്റെ തുടർച്ചയായി ഈ വർഷവും മറ്റ സ്ഥലങ്ങളിൽ നിർമ്മലം നിർഭയം എന്ന പേരിൽ CCTVക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-:-** കഴിഞ്ഞ വർഷം ഈ പ്രോജക്ട് നടപ്പാക്കിയതു പരിശോധിച്ച് ഇതിന്റെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

## 4.21 എടവക ഗ്രാമപഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2019-ലെ കത്ത് ( SRG 874/19 CC/632/19)**

***പ്രോ.നം. 35/20*** ***അടങ്കൽ 5,00,000/- രൂപ (TSP)***

***പേര് - പട്ടികവർഗ്ഗ വിധവകൾക്ക് പശുവിതരണം***

പശുക്കളെ വിതരണം ചെയ്യുന്നതിന് 2 പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്നു വാങ്ങണമെന്ന നിബന്ധന ഒഴിവാക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകാവുന്നതാണെന്ന് യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.22 Parents Association For Intellectually Disabled

**Parents Association For Intellectually Disabled ( PAID) സംസ്ഥാന പ്രസിഡന്റിന്റെ 27.08.2019-ലെ കത്ത് (SRG 811/19)**

നിലവിലെ ഉത്തരവനുസരിച്ച് ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായങ്ങൾ നൽകാമെന്നുണ്ട്. മുൻകാലങ്ങളിൽ ഉത്തരവിൽ സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം , ഓട്ടിസം എന്നു പ്രത്യേകം പ്രതിപാദിച്ചിരുന്നു. ഇപ്പോഴത്തെ ഉത്തരവിൽ ഇങ്ങനെ പ്രത്യേകം പറയാത്തതുകൊണ്ട് പല തദ്ദേശ ഭരണ സ്ഥാപനങ്ങളും സെറിബ്രൽ പാൾസി , ഓട്ടിസം, ബഹുവിധ വൈകല്യം ഇവ ഉള്ളവർക്ക് ആനുകൂല്യം നൽകുന്നില്ല. മുകളിൽ പറഞ്ഞ വിഭാഗങ്ങൾക്കും ധനസഹായം ലഭിക്കുന്ന രീതിയിൽ വ്യക്തത വരുത്തി നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിറ്റർഡേഷൻ, മൾട്ടിപ്പിൾ ഡിസ് എബിലിറ്റി എന്നീ വിഭാഗക്കാർക്ക് എന്ന് പ്രത്യേകമായി ഉത്തരവിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.23 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2019-ലെ കത്ത്. (SRG 892/19 - CC/664/19)**

***പ്രോ.നം. 112/20*** ***അടങ്കൽ - 8,00,000/-രൂപ***

***പേര് : സാന്ത്വനവും പരിചരണവും***

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഏകദേശം 200 കിടപ്പുരോഗികൾ ഉണ്ട്. ഇവർ പാലിയേറ്റീവ് യൂണിറ്റുകളുടെ പരിചരണത്തിലാണ്. ഇവർക്ക് ഡയപ്പറുകൾ നീതി മെഡിക്കൽ സ്റ്റോർ മുഖാന്തിരം വാങ്ങി നൽകുന്നതിന് പ്രതിമാസം 1000/- രൂപയും ബെഡ് ഷീറ്റ് വാങ്ങി നൽകുന്നതിന് ഒറ്റത്തവണയായി 500/- രൂപയും നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിന് നൂതന പ്രോജക്ടിനുള്ള ജില്ലാതല കമ്മിറ്റി അനുമതി നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ധനസഹായം പണമായി നേരിട്ട് നൽകുന്നതിന് അനുമതി നിരസിച്ചു. പകരം പാലിയേറ്റീവ് യൂണിറ്റ് മുഖേന സാധനങ്ങൾ വാങ്ങി നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.24 ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2019-ലെ കത്ത്. (SRG 943/19 - CC/702/19)**

***പ്രോ.നം. 127/20*** ***അടങ്കൽ - 7,10,322/- രൂപ (വികസനഫണ്ട്)***

***പേര് : ബ്ലോക്ക് പഞ്ചായത്തിലെ വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ***

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിൽ അന്യം നിന്നു പോകുന്നതായ പൊറാട്ടു നാടകം, കണ്യാർകളി പോലുള്ള വിവിധ നാടൻ കലാ രൂപങ്ങളെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും ഈ കലാ രൂപങ്ങളെ നിലനിർത്തുന്നതിന് സഹായിക്കുന്നതിനുമായി ഇവ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനുള്ള പ്രോജക്ട്. ഇതിന് വെറ്റിംഗ് ഓഫീസറും ജില്ലതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്റെ ചെലവ് സംബന്ധിച്ച് KSFDC ചെയർമാനുമായി ഗ്രാമവികസന കമ്മീഷണർ നെഗോഷിയേറ്റ് ചെയ്ത് നിരക്ക് നിശ്ചയിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.25 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.9.2019-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019-ലെ (ഖണ്ഡിക 4.25) തീരുമാനവും.** (SRG 842/19 - CC/529/19)

***പ്രോ.നം. 32/20*** ***അടങ്കൽ - 38,50,000/- രൂപ***
***(വികസനഫണ്ട് 19,25,000/- രൂപ***
***ഗുണഭോക്തൃ വിഹിതം 19,25,000/- രൂപ)***

***പേര് : ക്ഷീരാമൃതം***

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ടിൽ പശുക്കളെ വാങ്ങി നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്നാണ് വാങ്ങേണ്ടത്. സംസ്ഥാന ത്തിനകത്തു നിന്നു തന്നെ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകാവുന്നതാണെന്ന് യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.26 കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്ത്.** (SRG 880/19 - CC/663/19)

***പ്രോ.നം. 13/20*** ***അടങ്കൽ - 8,50,000/- രൂപ***

***പേര് : സ്കൂൾ സയൻസ് ലാബ്***

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 7 ഗ്രാമപഞ്ചായത്തുകളിലായി സർക്കാർ എയ്ഡഡ് വിഭാഗത്തിലെ 17 യു.പി. സ്കൂളുകളിൽ സയൻസ് ലാബ് ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട്. കെട്ടിട സൗകര്യമൊരുക്കിത്തരുന്ന മുറയ്ക്ക് ലാബിന് വേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങി നൽകാനാണ് ലക്ഷ്യം. സർക്കാർ സ്കൂളുകളിലേയ്ക്ക് മാത്രം ഉപകരണങ്ങൾ വാങ്ങി നൽകാൻ മാത്രമാണ് നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി അനുമതി നൽകിയത്. സർക്കാർ സ്കൂളിനോടൊപ്പം എയ്ഡഡ് സ്കൂളുകളിലേയ്ക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മുഴുവൻ സർക്കാർ യു.പി. സ്കൂളുകൾക്കും സയൻസ് ലാബ് ഒരുക്കി നൽകിയതിനുശേഷം എയ്ഡഡ് സ്കൂളിനു കൂടി നല്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.27 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്ത്. (SRG 881/19 - CC/638/19)**

ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം വാങ്ങി നൽകുന്നതിന് 30.00 ലക്ഷം രൂപ വകയിരുത്തി (വികസനഫണ്ട്) 2019-20-ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ശ്രീ. സതീശൻ എരഞ്ഞിക്കൽ മിത്തൽ, പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ശ്രീ. ബിജു.റ്റി. തൈക്കണ്ടി എന്നിവർക്ക് 2013-ൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകിയിരുന്നു. ഇപ്പോൾ ഇത് ഉപയോഗയോഗ്യമല്ല. മാർഗ്ഗരേഖ പ്രകാരം ഒരിക്കൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകിയാൽ 8 വർഷത്തേയ്ക്ക് ഇതേ ഉപകരണം വീണ്ടും നൽകാൻ അനുമതി നൽകാൻ പാടില്ല. ഇവർക്ക് സ്കൂട്ടർ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത്തരം ഉപകരണങ്ങൾ ലഭിക്കാൻ നിലവിലെ മാർഗ്ഗരേഖ പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലായെങ്കിൽ ഇവർക്ക് കൂടി സഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.28 ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്തും ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.10.2019-ലെ A3- 5057/2018-ാം നമ്പർ കത്തും (SRG 884/19 - CC/658/19)**

***പ്രോ.നം. 140/20*** ***അടങ്കൽ - 2,64,000/- രൂപ***

***(വികസന ഫണ്ട് - 2,37,600/-രൂപ***

***ഗുണഭോക്തൃ വിഹിതം -26,400/- രൂപ)***

***പേര് : ബി.പി.എൽ കുടുംബങ്ങൾക്ക് സൗരറാന്തൽ***

പഞ്ചായത്തിലെ ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സൗര റാന്തൽ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** വൈദ്യുതീകരിക്കാത്ത കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്കു മാത്രമായി നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.29 ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്തും ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.10.2019-ലെ (SRG 885/19 - CC/657/19, SRG 886/19-CC 656/19)**

***(i)പ്രോ.നം. 126/20 അടങ്കൽ -62,224/- രൂപ (SCP)***
***(വികസന ഫണ്ട് - 56,000/- രൂപ***
***ഗുണഭോക്തൃ വിഹിതം - 6,224/-രൂപ)***

***പേര് : SC കുടുംബങ്ങൾക്ക് സൗരറാന്തൽ***

***(ii)പ്രോ.നം. 134/20 അടങ്കൽ-35,000/-രൂപ***

***(റ്റി.എസ്.പി)പേര് : ST കുടുംബങ്ങൾക്ക് സൗരറാന്തൽ***

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗര റാന്തൽ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ആയതിനാൽ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.30 കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്ത് (SRG 889/19 - CC/661/19)**

***പ്രോ.നം. 43/19 അടങ്കൽ - 25,00,000/- രൂപ***

***പേര് : വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായം***

ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് ഓരോ ഡയാലിസിസിനും 1000/- രൂപ വീതം 2017-18, 2018-19 വർഷങ്ങളിൽ നൽകിയിരുന്നു. ഈ വർഷവും ഈ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കിയതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. അതിനാൽ ഈ വർഷം ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1) രോഗികൾക്ക് ധനസഹായം നേരിട്ട് നൽകാവുന്നതല്ല. ഡയാലിസിസ് നടത്തുന്ന ആശുപത്രി മുഖേന ധനസഹായം നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.
2) ഓഡിറ്റ് കുറിപ്പിന്മേൽ ആവശ്യമെങ്കിൽ തുടർ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.31 അടിമാലി ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2019-ലെ കത്തും അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.08.2019-ലെ കത്തും (SRG 859/19 - CC/541/19)**

***പ്രോ.നം. 98/20*** ***അടങ്കൽ - 17,52,600/- രൂപ (വികസന ഫണ്ട്)***

***പേര് : അടിമാലി താലൂക്കാശുപത്രിയിൽ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ***

അടിമാലി താലൂക്കാശുപത്രിയിൽ സ്റ്റാഫിന്റെ കുറവുണ്ടായിരുന്നതിനാൽ ഈ വർഷം വികസനഫണ്ട് ഉപയോഗിച്ച് 5 ക്ലീനിംഗ് സ്റ്റാഫിനേയും 5 സ്റ്റാഫ് നേഴ്സിനേയും നിയമിച്ച് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിന് സാധൂകരണം നൽകി പ്രോജക്ട് തുടരാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** നടപടി ക്രമവിരുദ്ധമാണ്. ഇതുവരെയുള്ള വേതനം നൽകാൻ അനുമതി നൽകുന്നു. ഇനി തുടരാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.32 ചേർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2019-ലെ കത്തും ചേർപ്പുളശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 22.07.2019-ല P1- 5836/2019-ാം നമ്പർ കത്തും (SRG 891/19 - CC/667/19)**

***പ്രോ.നം. 156/19*** ***അടങ്കൽ - 1,50,000/- രൂപ (വികസന ഫണ്ട് )***

***പേര് : വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം***

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3 വിധവകളായവരുടെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് 50,000/- രൂപ വീതം ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.33 ജില്ലാ ആസൂത്രണസമിതി

**കണ്ണൂർ ജില്ലാ കളക്ടറുടെ 25.10.2019-ലെ 910/2019/DPO/KNR/DD -ലെ കത്ത് (SRG 956/19 )**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.09.2016-ലെ തീരുമാനപ്രകാരം നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകിയിരുന്നു. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് കൈക്കൊണ്ട ഈ തീരുമാനം 13-ാം പഞ്ചവൽസര പദ്ധതിക്കാലത്തും ബാധകമാണോ എന്ന സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.34 കാണക്കാരി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.11.2019-ലെ കത്തും കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.11.2019-ലെ P1- 23/19-ാം നമ്പർ കത്തും (SRG 975/19 - CC/783/19)**

**പ്രോ.നം. 212/20** **അടങ്കൽ - 10,00,000/- രൂപ**

***(വികസന ഫണ്ട്)***

***പേര് : ഡിജിറ്റൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം)***

പഞ്ചായത്തിനെ ഡിജിറ്റൽ ഗ്രാമപഞ്ചായത്താക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും (റോഡുകൾ, കെട്ടിടങ്ങൾ, പൊതു കിണറുകൾ, ആശുപത്രികൾ, പൊതു ടാപ്പുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, തോടുകൾ മുതലായവ) ഡിജിറ്റലൈസ് ചെയ്യുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഈ പ്രോജക്ടിന് 26.09.2019 -ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിരുന്നു. പ്രോജക്ട് ഭേദഗതി ചെയ്ത് വികസനഫണ്ട് ഉൾപ്പെടുത്തി. ഇതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്

**തീരുമാനം :** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴിവാക്കിയതിനാൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.35 നിരണം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്തും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 25.10.2019 -ലെ AB2/5447/13-ാം നമ്പർ കത്തും 05.11.2019-ലെ 11(1)-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനവും (SRG /994/19 - CC/799/19)**

***പ്രോ.നം. 186/19 അടങ്കൽ - 6,80,000/- രൂപ***

***(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് : വെള്ളക്കരം കുടിശ്ശിക അടവാക്കൽ***

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 9/2018 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക (24 ശതമാനം പിഴ പലിശ സഹിതം) 1,16,41,548/- രൂപയാണ്. OTS പ്രകാരം പിഴ പലിശ 24 ശതമാനം എന്നുള്ളത് 6 ശതമാനമായി കുറച്ചു. ഇതനുസരിച്ച് 63,51,430/- രൂപയായി തുക കുറഞ്ഞു. പദ്ധതി വിഹിതത്തിൽ നിന്ന് ധനവകുപ്പ് 25,71,058/- രൂപ കുറവു ചെയ്തു. ബാക്കി അടക്കേണ്ടത് 37,80,372/- രൂപ. ഇതിൽ 6,80,000/- രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നടയ്ക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിന്നടയ്ക്കാനാണ് ലക്ഷ്യമിടുന്നത്. ഈ തുക 6 ശതമാനം പിഴപലിശയടക്കമായതിനാൽ തുക അടയ്ക്കാവുന്നതല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയച്ചതനുസരിച്ച് തുക അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** പഞ്ചായത്തിൽ എത്ര പൊതു ടാപ്പുകൾ ഉണ്ട്, എത്ര വർഷത്തെ കുടിശ്ശികയാണ്, അതത് സമയത്ത് വാട്ടർ ചാർജ് അടയ്ക്കാത്തതിന്റെ കാരണം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.36 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2019-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.09.2019-ലെ P3-2551/19-ാം നമ്പർ കത്തും (SRG /875/19 - CC/597/19)**

***പ്രോ.നം. 1321/20 അടങ്കൽ - 25,00,000/ - രൂപ***

***(വികസന ഫണ്ട്)***

***പേര് : വണ്ടൂരിലെ പുലിക്കോട്ടിൽ ഹൈദർ സ്മാരക മന്ദിരത്തിന്റെ പൂർത്തീകരണം***

പുലിക്കോട്ടിൽ ഹൈദർ സ്മാരകം ഒരു രജിസ്റ്റേഡ് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇത് ഒരു കലാ പഠന കേന്ദ്രമാണ്. കേരള സംഗീത നാടക അക്കാദമിയും കേരള ഫോക്ക് ലോർ അക്കാദമിയും ഇതിന് അഫിലിയേഷൻ നൽകിയിട്ടുണ്ട്. ഈ

കെട്ടിടത്തിന്റെ പൂർത്തീകരണത്തിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.37 കോക്ലിയർ ഇംപ്ലാന്റിയുടെ പ്രോസസ്സർ മാറ്റിവയ്ക്കൽ

**കേരള കോക്ലിയർ ഇംപ്ലാൻറി ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയുടെ 25.08.2019-ലെ കത്ത്( (SRG /971/19 - LSGD- DA1 - 325/2019/LSGD)**

ക്ലോക്കിയർ ഇംപ്ലാന്റിയുടെ പ്രോസസ്സർ കേടായാൽ റിപ്പയർ ചെയ്യുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു ഗുണഭോക്താവിന് 50,000/- രൂപ ക്രമത്തിൽ KSSM-ന് കൈമാറാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. പ്രായമായവർക്കും ധനസഹായം നൽകാൻഅനുമതി നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം:-** പ്രായമായവർക്ക് ധനസഹായം നൽകുന്നത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.38 പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ കത്ത് (SRG-934/19 - LSGD - DA1 /280/2019- LSGD)

കൃഷി ആവശ്യമായ വിത്ത്, വളം, കീടനാശിനി തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസിയായി പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ അംഗീകരിക്കണമെന്നു സംബന്ധിച്ച്

**തീരുമാനം:-** ഈ കമ്പനിയുടെ അംഗീകാരം, പ്രവർത്തനം കമ്പനി ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ തുടങ്ങിയ വിശദാംശം സഹിതം നൽകണം. ഇവ നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.39 പാലക്കാട് ജില്ലാ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 29.07.2019-ലെ കത്ത് (SRG /932/19 - LSGD- DB4/219/2019/LSGD)**

***പ്രോ.നം. 469/20*** ***അടങ്കൽ 4,00,00,000 (SCP)***

***പ്രോ.നം. 582/20*** ***അടങ്കൽ 50,00,000/- രൂപ (TSP)***

***പേര് : - പഠനമുറി നിർമ്മാണം***

മാർഗ്ഗരേഖ പ്രകാരം പഠനമുറിക്ക് നൽകാവുന്ന തുക 2.00 ലക്ഷം രൂപയാണ്. ആദ്യഗഡുവായി 50,000/- രൂപയും ബാക്കി തുക വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാനവും. ഇതിനു പകരം ഓരോ ഘട്ടവും പൂർത്തിയാകുന്ന മുറയ്ക്ക് 3-4 ഘട്ടമായി തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.10 ബാധകമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.40 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

**വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2019-ലെ കത്ത് (SRG 926/19 (LSGD- DD2 - 344/2019/LSGD)**

***പ്രോ.നം.101/20 അടങ്കൽ - 9,80,000/- രൂപ***

***പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ***

പ്ലസ് വൺ, പ്ലസ് 2 വിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം നടപ്പാക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.41 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2018-ലെ കത്തും ഭരണസമിതിയുടെ 10.12.2018-ലെ 6/2-ാം നമ്പർ തീരുമാനവും (SRG- 927/19 LSGD- DD1 - 38/2019/LSGD)**

PMAY പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് വീട്ടുപണി പൂർത്തീകരിക്കാൻ പുതിയ നിരക്ക പ്രകാരം കൂടുതൽ ധനസഹായം നൽകാൻ 13.10.2017-ലെ 202/2017/തസ്വഭവ ഉത്തരവ് പ്രകാരം വ്യവസ്ഥകളോടെ നൽകാമെന്നുണ്ട്. ഇതു പ്രകാരം 31.03.2016-നും 31.03.2017-നു മിടയിൽ ഭവന നിർമ്മാണത്തിനു ധനസഹായം ലഭിച്ചവർക്ക് ഇനിയും (As on 13.10.2017)ഭവന നിർമ്മാണം പൂർത്തിയാകാത്തവർക്കാണ് ഇപ്രകാരം അധിക ധനസഹായം നൽകുന്നത്. 2017 ഏപ്രിൽ 1 നും 13.10.2017-നും ഇടയിൽ വീട്ടു പൂർത്തിയാക്കിയവർക്കും ഈ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.42 തൃശ്ശൂർ കോർപ്പറേഷൻ

**തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ 16.09.2019-ലെ DW6/30459/16-ാം നമ്പർ കത്ത് ( SRG 1034/19 - LSGD - DC3/564/2019 - LSGD)**

തൃശ്ശൂർ കോർപ്പറേഷന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ CC TV ക്യാമറകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കിയ 5.00 കോടി രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.43 കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

**കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2019-ലെ കത്തും 18.11.2019-ലെ തസ്വഭവ - AC1/166/2015-തസ്വഭവ നമ്പർ കുറിപ്പുകളും (2എണ്ണം) ഭരണസമിതിയുടെ 20.06.2018-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG 1028/19)**

2014 മാർച്ച് 31-ന് അവസാനിച്ച CAG റിപ്പോർട്ടിലെ ഖണ്ഡിക 4.9 പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചപ്പോൾ ശുചിത്വ മിഷനും ഗ്രാമപഞ്ചായത്തും മേൽനോട്ടം വഹിക്കുന്നതിലെ വീഴ്ചമൂലം പ്ലാന്റ് അപാകതകളോടെയാണ് നിർമ്മിച്ചത്. അറവുശാലയിലെ മാലിന്യം സംസ്കരിക്കുന്നതിനാണ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത്. ഓഡിറ്റ് പരാമർശം പ്രകാരം 16.63 ലക്ഷം രൂപയുടെ നിഷ്ക്രിയ ആസ്തിയായി ബയോഗ്യാസ് പ്ലാന്റിനെ മാറ്റി. ജനകീയ പ്രക്ഷോഭത്തെ തുടർന്ന് അറവുശാല പ്രവർത്തന സജ്ജമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. ഇത് നിയമസഭാ സമിതിയെ അറിയിച്ചുവെങ്കിലും തീരുമാനം ആയിട്ടില്ല. ജനകീയ പ്രക്ഷോഭം കാരണം അറവുശാല ഇനി പ്രവൃത്തിക്കാൻ കഴിയില്ല. അതിനാൽ പ്രസ്തുത സ്ഥലം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാൻ വിട്ടു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതതില്ലെന്ന് യോഗം തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (എ.സി) വകുപ്പ്**

## 4.44 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2019-ലെ കത്ത് (SRG 1029/19 - LSGD - DB4 - 276/19/LSGD)**

***പ്രോ.നം. 2006/20*** ***അടങ്കൽ - 10,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലൈഫ് എക്സ് പിരിയൻസ് പാർക്ക്***

ജില്ലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ ശേഷി വർദ്ധിപ്പിക്കാനും പൊതുവായ കാര്യങ്ങളിൽ സാമാന്യമായ അറിവ് നേടിക്കൊടുക്കുന്നതിനും സഹായകരമായ ലൈഫ് എക്സ്പീരിയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ജില്ലാ ആസൂത്രണസമിതിയും വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകിയ പ്രോജക്ടാണ്.

വളാഞ്ചേരിക്കടുത്ത് പുറമണ്ണൂർ എന്ന സ്ഥലത്ത് സന്നദ്ധ സംഘടന നടത്തുന്ന സർക്കാർ അംഗീകാരമുള്ള VKM സ്പെഷ്യൽ സ്കൂളിലാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സാമൂഹ്യ നീതി ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)സാമൂഹ്യനീതി ഡയറക്ടർ**

## 4.45 കുഴൽമന്ദം ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2019-ലെ കത്ത് (4 എണ്ണം) SRG 1017/19 - CC 843/19, SRG 1015/19 CC 845/19, SRG 1016/19 CC844/19, SRG-1014/19 CC 847/19**

***(i) പ്രോ.നം. 31/20*** ***അടങ്കൽ - 8,35,200/- രൂപ***
***(വികസന ഫണ്ട് 5,66,802/- രൂപ***
***തനത് ഫണ്ട് - 2,68,398***

***പേര് - വയോജനങ്ങൾക്ക് കട്ടിൽ***

***(ii) പ്രോ.നം. 215/20*** ***അടങ്കൽ - 12,00,000/- രൂപ***
***(തനത് ഫണ്ട്)***

***പേര് - ISO സർട്ടിഫിക്കേഷൻ പ്രവൃത്തികൾ***

***(iii) പ്രോ.നം. 3/20*** ***അടങ്കൽ - 4,50,000/- രൂപ***
***(SCP)***

***പേര് - പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും***

***(iv) പ്രോ.നം. 24/20*** ***അടങ്കൽ - 4,00,200/- രൂപ***
***(SCP)***

***പേര് - പട്ടികജാതിയിൽപ്പെട്ടവർക്ക് കട്ടിൽ***

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ ടെണ്ടർ മുഖേന നടപ്പാക്കാനാണ് തയ്യാറാക്കിയിരിക്കുന്നത്. ഇവ ടെണ്ടർ ചെയ്തു. എന്നാൽ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 19(3) ൽ ജി.ഒ നം.7/19/എസ്.പി.ഡി. തീയതി 26.04.2019) പ്രകാരം വരുത്തിയ ഭേദഗതി പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ജി.ഇ.എം (ജെം) നിർബന്ധമാക്കിയിട്ടുണ്ട്. അതിനാൽ മുകളിൽ പറഞ്ഞ പ്രോജക്ടുകൾ ടെണ്ടർ/അംഗീകൃത ഏജൻസി മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ടെണ്ടറിലൂടെയോ അംഗീകൃത ഏജൻസികളിലൂടെയോ വില നിലവാരം ഉറപ്പാക്കി വാങ്ങുന്നതിന് അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.46 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ കത്ത് ( SRG 906/19 CC 542/19)**

*പ്രോ.നം. 8/20* *അടങ്കൽ - 11,00,000/- രൂപ (ജനറൽ)*

***പേര് - നീർമാതളം (അങ്കണവാടി , ഗവ.എൽ. പി. സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ)***

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ വിവിധ സർക്കാർ ലോവർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കും അങ്കണവാടി കുട്ടികൾക്കും സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.47 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.11.2019-ലെ കത്തും വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.10.2019-ലെ A2-2265/18-ാം നമ്പർ കത്തും (SRG 1040/19 CC /710/19)**

*പ്രോ.നം. 30/20* *അടങ്കൽ - 10,00,000/- രൂപ*

***പേര് - വണ്ടൂർ ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ് സൊസൈറ്റി, ഓട്ടുകമ്പനി നവീകരണം.***

1982 മുതൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനമാണ് വണ്ടൂർ ടൈൽ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ് സൊസൈറ്റി. ഈ സ്ഥാപനത്തിലെ നിലവിലെ സാങ്കേതികവിദ്യ വളരെ പഴക്കമുള്ളതാണ്. ഇതിനു പകരം നൂതന ഉപകരണങ്ങൾ വാങ്ങി ആധുനികവത്ക്കരിക്കുന്നതിന് ഈ വർഷം 10.00 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. അടുത്ത വർഷവും 10.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

## 4.48 കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2019-ലെ കത്ത് (SRG 937/19 - CC/685/19)**

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ ഉൾപ്പെട്ട 6 കുടുംബങ്ങൾ താമസിക്കുന്ന ലക്ഷം വീട് കോളനിയിലെ വീടുകൾ താമസയോഗ്യമല്ല. ഇവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകാൻ ആവശ്യമായ തനത് ഫണ്ട് പഞ്ചായത്തിനുണ്ട്. ഈ തുക ഉപയോഗിച്ച് വീട് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** തനത് ഫണ്ടായതിനാൽ പ്രത്യേക അനുമതി നൽകുന്നു. ലൈഫ് മിഷൻ വീടുകൾക്ക് പണം നൽകി എന്ന് ഉറപ്പാക്കണം. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.49 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.2019-ലെ കത്ത് ( SRG 1045/19 - CC /872/19)**

***പ്രോ.നം. 1399/20*** ***അടങ്കൽ - 1,50,00,000/- രൂപ***

***പേര് - ആർദ്രം സമഗ്ര വയോജനാരോഗ്യ പരിരക്ഷ പദ്ധതി***

താഴെപ്പറയുന്ന രണ്ടു പദ്ധതികൾ ഈ പ്രോജക്ടിന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്നു

(1) **വയോനിധി** - ജില്ലാ വയോജന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാക്കേജുകൾ താഴെപ്പറയും പ്രകാരമാണ്. അന്ധതാ നിവാരണത്തിന് തിമിര ശസ്ത്രക്രിയ, കേൾവി വൈകല്യം കണ്ടു പിടിക്കുന്നതിനുള്ള ഓഡിയോ ഗ്രാം ടെസ്റ്റ്, കേൾവി വൈകല്യം പരിഹരിക്കുന്നതിനുള്ള സർജറികൾ, വൃക്കരോഗികളായ വയോജനങ്ങൾക്കുള്ള ഡയാലിസിസ് പാക്കേജ്, വയോജനങ്ങളുടെ ദന്ത പരിചരണ പാക്കേജ്, അർബുദ രോഗ നിർണ്ണയത്തിനുള്ള ടെസ്റ്റിനുള്ള പാക്കേജ്. സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സർവ്വീസസ് (CGHS) ഇൻഷ്വറൻസ് പാക്കേജ് നിരക്കാണ് ഉദ്ദേശിക്കുന്നത്.

(2) **അനുയാത്രി** - ആരോഗ്യവകുപ്പിൽ നിന്ന് റിട്ടയർ ചെയ്തതിനുശേഷവും ജോലി ചെയ്യാൻ സന്നദ്ധതയും പ്രാപ്തിയുള്ളവരുടെ അനുഭവ പരിചയവും നൈപുണ്യവും വയോജനരോഗികളുടെ പരിചരണത്തിന് പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ദിവസ വേതനത്തിന്റെ ¼ തുകയാണ് ഇവർക്ക് ഓണറേറിയം നൽകാൻ ഉദ്ദേശിക്കുന്നത്.

ഈ രണ്ടു പദ്ധതികളുടെ ചെലവ് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ആശുപത്രികളിലേയ്ക്ക് ഉപകരണം | 1,12,41,360/- രൂപ |
| കരാർ വേതനം | 8,12,085/- |
| സന്നദ്ധ പ്രവർത്തകർക്ക് ഓണറേറിയം | 6,42,285/- |
| മരുന്ന് | 1,08.270/- |
| ശ്രവണസഹായി | 6,50,000/- |
| ഇൻഷ്വറൻസ് | 15,04,000/- |
| പ്രിന്റിംഗ് | 12,000/- |
| സ്റ്റേഷനറി യൂണിഫോം | 30,000/- |
| **ആകെ** | **1,50,00,000/- രൂപ** |

ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** മുകളിൽ പറഞ്ഞവയിൽ ഇൻഷ്വറൻസിന് തുക ചെലവഴിക്കാവുന്നതല്ല. ബാക്കി ഘടകങ്ങൾ ഉൾക്കൊള്ളിച്ച് ജില്ലാ ആസൂത്രണസമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.50 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2019-ലെ കത്ത് (SRG 909/19 - CC /570/2019)**

***പ്രോ.നം. 1313/20*** ***അടങ്കൽ - 1,00,00,000/-***

***പേര് - ജനറൽ ആശുപത്രി - ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി. നവീകരണം***

കോട്ടയം ജനറൽ ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി. നവീകരണം എന്ന ഈ പ്രോജക്ടിൽ സിവിൽ ഇലക്ട്രിക്കൽ വർക്കുകളാണുള്ളത്. എന്നാൽ ആർദ്രം പദ്ധതിയിൽ തന്നെ NHM ഫണ്ടും ഈ പ്രോജക്ട് ഉപയോഗിക്കുന്നുണ്ട്. ഈ പ്രവൃത്തി പ്രായോഗികമായി NHM നാണ് ചെയ്യാവുന്നത്. അതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം NHM ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തുക ഡെപ്പോസിറ്റ് ചെയ്യാൻ ധനവകുപ്പിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.51 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.09.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ (ഖണ്ഡിക 4.52) തീരുമാനവും ഗ്രാമവികസന കമ്മീഷണറുടെ 16.10.2019-ലെ DP4/2428/19/CRD നമ്പർ കത്തും (SRG 1032/19 - LSGD/DD2/481/2018 - LSGD)**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗ്രാമ ന്യായാലയം പണിയാൻ 75.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. MPLAD-യിൽ 45.00 ലക്ഷം രൂപ അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്ത് 15.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2.50 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ൽ ഇതു പരിഗണിച്ചിരുന്നുവെങ്കിലും ഇതിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന്റെ സാധ്യത കൂടി ആരായണമെന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് റിപ്പോർട്ട് സഹിതം നൽകണമെന്നും നിർദ്ദേശിച്ചു. ഗ്രാമ വികസന കമ്മീഷണറുടെ റിപ്പോർട്ടു സഹിതം അനുമതിക്കായി നൽകിയിരിക്കുന്നു.

ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം ഈ കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കോടതി ആരംഭിക്കുന്നതിന് അനുബന്ധ ആവശ്യ ത്തിനായി 30.00 ലക്ഷം രൂപ കൂടി വേണം. ഗ്രാമപഞ്ചായത്തുകളുടെ യോഗം ചേർന്നു. സർക്കാർ അനുമതി ലഭിക്കുകയാ ണെങ്കിൽ 2.50 ലക്ഷം രൂപ വീതം നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ അറിയിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ നൽകിയിട്ടില്ല.

ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.52 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്തും അനുബന്ധ കുറിപ്പും ( SRG 952/19 -CC 729/19)**

***പ്രോ.നം.105/20*** ***അടങ്കൽ - 22,00,000/- രൂപ***

***പേര് - പ്ലാസ്റ്റിക് വേസ്റ്റ് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിട നിർമ്മാണം***

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കഴിഞ്ഞ വർഷം ഏറ്റെടുത്തിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. പ്രദേശവാസികളുടെ എതിർപ്പ് മൂലം ഇവിടെ ഇതു സ്ഥാപിക്കാൻ കഴിയുന്നില്ല. പ്രവൃത്തി ടെണ്ടർ ചെയ്തു. നിർമ്മാണത്തിന്റെ പ്രാരംഭ പ്രവൃത്തികൾ കരാറുകാരൻ ആരംഭിച്ചു. ഈ യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിന് 22,00,000/- രൂപ ചെലവഴിക്കുന്നത് അഭികാമ്യമല്ലെന്ന് യോഗം നിരീക്ഷിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.53 പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.11.2019-ലെ കത്ത് ( SRG 1055/19 -CC - 869/19)**

*പ്രോ.നം.461/20* *അടങ്കൽ - 3,38,040/- രൂപ (തനത് ഫണ്ട്)*

***പേര് - വടക്കുംപാടം തമ്പുരാട്ടി പറമ്പ് റോഡ് നിർമ്മാണം - വനംവകുപ്പിന് തുക നൽകൽ***

ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റേയും സംയുക്ത പ്രോജക്ടായി തമ്പുരാട്ടി പറമ്പ് മണ്ടൻചിറ റോഡ് നിർമ്മാണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ റോഡിന്റെ 1.8 കി.മി. ഭാഗം വനം ഭൂമിയിലൂടെയാണ് കടന്നുപോകുന്നത്. റോഡ് നിർമ്മിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. മൂന്ന് മീറ്റർ വീതിയുള്ള വനം ഭാഗത്ത് ആകെ 0.54 ഹെക്ടർ വനഭൂമി റോഡ് നിർമ്മാണത്തിന് വേണം. ഇതിനായി വന ഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂ ആയി 3,38,040/- രൂപ വനം വകുപ്പിന് അടയ്ക്കണം. ഇതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.54 വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്

**വടവുകോട് പുത്തിൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2019-ലെ കത്ത് ( SRG 1033/19/LSGD) FM2/155/2019/LSGD)**

ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന പുത്തൻകുരിശ് ടൗൺ ഭാഗത്ത് NH-49-ൽ കാന പണിത് ഫുട്പാത്ത് നിർമ്മിച്ച് ടൈൽ പാകാൻ പഞ്ചായത്ത് 1.00 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.55 ആതവനാട് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2019-ലെ കത്തും വളാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 19.10.2019-ലെ AV/7/ 2019-20 -ാം നമ്പർ കത്തും (SRG 940/19-CC/715/2019)**

*പ്രോ.നം.124/20* *അടങ്കൽ - 10,20,000/- രൂപ (വികസന ഫണ്ട് 5,10,000/- രൂപ ബ്ലോക്ക് വിഹിതം - 5,10,000/- രൂപ)*

***പേര് - നെൽക്കൃഷി വികസനം - കൂലി ചെലവ് സബ്സിഡി***

പഞ്ചായത്തിലെ നെൽക്കൃഷി കൂലിച്ചെലവ്, പച്ചക്കറിക്കൃഷി കൂലിച്ചെലവ്, വാഴ കൃഷി, ജൈവവളം എന്നിവയുടെ ഗുണഭോക്താക്കളധികവും പാട്ടക്കൃഷി ക്കാരാണ്. ഭൂ ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 2018-19-ൽ ഇവർക്ക്

ആനുകൂല്യം നൽകിയത്. എന്നാൽ ഇവർ നികുതി രസീത് ഹാജരാക്കിയിട്ടില്ലെന്നതിനാൽ ആനുകൂല്യങ്ങൾ തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിട്ടുണ്ട്. ഇത് കൃഷിയെ ബാധിക്കുമെന്നതിനാൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം പാട്ടക്കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകാൻ സ്ഥലമുടമയുടെ സമ്മത പത്രവും കൃഷി ചെയ്തിട്ടുണ്ടെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും മതി. ഈ നിബന്ധനയോടെ ധനസഹായം നൽകാവുന്നതാണ്. അകാരണമായി ഇത്തരം ഓഡിറ്റ് പരാമർശം വന്നതിന്റെ സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ സ്റ്റേറ്റ് ഓഡിറ്റ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്**

## 4.56 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.2019-ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 31.10.2019-ലെ 5-ാം ഭരണസമിതി തീരുമാനവും പ്രസിഡന്റിന്റെ 23.11.2019-ലെ കത്തും (SRG 1053/19/CC/808/19,SRG 1044/19)**

*(i) പ്രോ.നം.554/20 അടങ്കൽ - 4,15,18,438/- രൂപ*

*(വികസന ഫണ്ട്(SCP) -1,66,07,375/- രൂപ*

*ഗ്രാമപഞ്ചായത്ത് വിഹിതം - 1,66,07,375/- രൂപ*

*ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 83,03,688/- രൂപ)*

***പേര് - ന്യൂ ലൈഫ് - ലക്ഷം വീട് കോളനികളുടെ നവീകരണം - SC***

*(ii) പ്രോ.നം. 145/20 അടങ്കൽ - 7,50,00,000/- രൂപ*

*(വികസനഫണ്ട് - 3,00,00,000/-*

*ഗ്രാമപഞ്ചായത്ത് വിഹിതം - 3,00,00,000/-*

*ബ്ലോക്ക് വിഹിതം - 1,50,00,000/- രൂപ)*

***പേര് - ന്യൂ ലൈഫ് - ലക്ഷം വീട് കോളനികളുടെ നവീകരണം (ജനറൽ)***

ജില്ലയിൽ ലക്ഷം വീട്ടു പദ്ധതികൾ പ്രകാരമുള്ള ഇരട്ട വീടുകൾ 2000 ന മുമ്പ് ഒറ്റവീടാക്കിയിരുന്നു. പിന്നീട് ഇവയുടെ അറ്റകുറ്റപ്പണിക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ല. ഈ വീടുകൾ ജീർണ്ണാവസ്ഥയിലാണ്. ഇവയ്ക്ക് മേൽക്കൂര മാറ്റൽ, പ്ലാസ്റ്ററിംഗ്, ജനൽ/ വാതിൽ മാറ്റിവയ്ക്കലടക്കം അറ്റകുറ്റപ്പണി ആവശ്യമുണ്ട്. അതിന് ശരാശരി 2.00 ലക്ഷം രൂപ വേണം. അതിനാൽ ഇത്തരം വീടുകൾ വാസയോഗ്യമാക്കുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.00 ലക്ഷം രൂപവരെ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും 40:40:20 അനുപാതത്തിലാണ് തുക കണ്ടെത്തുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.57 കരൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2019-ലെ കത്തും കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.10.2019-ലെ A1-3526/19-ാം നമ്പർ കത്ത് (SRG 965/19 - CC/695/19)**

*പ്രോ.നം. 43/20* *അടങ്കൽ 12,00,000/- രൂപ*
*(വികസന ഫണ്ട് - 6,00,000/- രൂപ*
*ഗുണഭോക്തൃ വിഹിതം - 6,00,000/- രൂപ)*

***പേര്:- പോത്തുകുട്ടി വിതരണം (വനിത)***

പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രോജക്ടിൽ പോത്തുകുട്ടികളെ വാങ്ങുന്നത് വയനാട് ജില്ലയിലെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയിൽ നിന്നാണ്. ഈ സൊസൈറ്റിക്ക് തുക അഡ്വാൻസായി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ പദ്ധതി വിഹിതത്തിൽ നിന്ന് 60 ശതമാനം തുക അഡ്വാൻസായി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ ഗുണഭോക്താക്കൾ മുൻകൂറായി അടയ്ക്കുന്ന വിഹിതം അഡ്വാൻസായി സൊസൈറ്റിക്ക് നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.58 നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.11.2019-ലെ കത്തും നോർത്ത് പറവൂർ നഗരസഭ സെക്രട്ടറിയുടെ 29.10.2019-ലെ G4-10958/18-ാം നമ്പർ കത്തും**

വടക്കൻ പറവൂർ നഗരസഭയുടെ 2019-20 -ലെ വികസന ഫണ്ടിൽ (ജനറൽ) 1,2 ഗഡുക്കളായി അനുവദിച്ച 1,54,21,400/- രൂപയിൽ വാട്ടർ ചാർജ് കുടിശ്ശികയിനത്തിൽ 1,27,95,276 രൂപയും ഹഡ്കോ വായ്പ തിരിച്ചടവായി 13,60,000/- രൂപയും അങ്കണവാടി വർക്കർമാരുടെ ഓണറേറിയം (ട്രാൻസ്ഫർ ക്രെഡിറ്റ്) ഇനത്തിൽ 9,05,200/-രൂപയും കുറവു ചെയ്തു. ആകെ 1,50,60,476/- രൂപ. നഗരസഭയ്ക്ക് മിച്ചം ലഭിച്ചത് 3,60,924/- രൂപ മാത്രമാണ്. അവസാന ഗഡു ലഭിക്കാനുള്ളത്. 77,10,600/- രൂപയാണ്. വാലിഡേഷൻ ഒഴിവാക്കാൻ അനുവദിച്ചാൽ പോലും മറ്റ് അനിവാര്യ പ്രോജക്ടുകൾക്ക് തുക കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിൽ വാട്ടർ ചാർജ് കുടിശ്ശികയിൽ കുറവു ചെയ്തതിൽ നിന്ന് ഒരു നിശ്ചിത ശതമാനം തുക തിരികെ അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.59 മ്യൂസിക് തെറാപ്പി പ്രോഗ്രാം

Secret of Music Charitable Trust ട്രസ്റ്റിയുട 08.08.2019-ലെ കത്ത് ( SRG 1031/19 - LSGD - FM2/127/2019/LSGD)

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മ്യൂസിക് തെറാപ്പി പ്രോഗ്രാം നടത്താൻ Secret of Music Charitable Trust ഉദ്ദേശിക്കുന്നു. മാനസിക ഉല്ലാസമാണ് ഉദ്ദേശം. ഒരു പഞ്ചായത്തിലെ ഒരു ദിവസ പരിപാടിക്ക് 2.00 ലക്ഷം രൂപയാണ് ഇതിന് ചെലവ്. ഇതിനായി ഓരോ പഞ്ചായത്തും തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ തുക അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിന് അനുമതി നൽകാവുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും യോഗം പരിഗണിച്ചില്ല. വിശദമായ പരിശോധിച്ച് പഞ്ചായത്തിന്റെ വൃദ്ധസദനങ്ങൾ, ബഡ്സ് സ്കൂൾ എന്നിവയിൽ ഇതു നടപ്പാക്കാമോ എന്നും ചെലവ് എത്രയാകാമെന്നും പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. സാമൂഹ്യനീതി വകുപ്പിന്റെ കൂടി അഭിപ്രായം ആരായണം. കൂടാതെ ഈ ഏജൻസിയെ സംബന്ധിച്ചും പരിശോധിച്ച വിവരവും റിപ്പോർട്ടിൽ വേണം. ഇതു ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

## 4.60 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്ത് (SRG/989/19/ CC/723/19)

*പ്രോ.നം 168/20* *അടങ്കൽ 14,00,000/- രൂപ*
*(വികസനഫണ്ട് -SCP - 7,00,000/- രൂപ*
*ഗുണഭോക്തൃ വിഹിതം - 7,00,000/- രൂപ)*

***പേര് - അയ്യങ്കാളി മാതൃകാ കോളനി - എം.ജി. കാവ്***
***ഉദയനഗർ കെൽട്രോൺ പട്ടികജാതി കോളനി***

സമ്പൂർണ്ണ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി മുളങ്കുന്നത്തുകാവ് ഉദയനഗർ കെൽട്രോൺ കോളനിയിൽ നടപ്പാക്കുന്ന പദ്ധതിയാണ്. 50 ശതമാനം ഗുണഭോക്തൃ വിഹിതമുൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. യൂണിറ്റ് ചെലവ് 35,000/- രൂപയാണ്. എന്നാൽ ഇത് 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.61 ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്തും ശൂരനാട് വടക്ക് പ്രസിഡന്റിന്റെ 01.10.2019-ലെ S2-2607/19-ാം നമ്പർ കത്തും. (SRG 950/19-CC/721/2019)**

***പ്രോ.നം. 213/20*** ***അടങ്കൽ 1,75.000/- രൂപ***

***പേര് ;- ഇലകക്ട്രോണിക് വീൽ ചെയർ***

ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങുന്ന പദ്ധതിയിൽ ഇലക്ട്രോണിക് വീൽ ചെയറിന് ഒരാൾ മാത്രമാണ് (ജാസ്മിർ, ജാസ്മിർ മൻസിൽ) അപേക്ഷ നൽകിയിട്ടുള്ളത്. ഇവർക്ക് 2012-13-ൽ ഇലക്ട്രോണിക് വീൽ ചെയർ നൽകിയതാണ്. പുതിയ മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങളിൽ ഇലക്ട്രോണിക് വീൽ ചെയർ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉപകരണം വാങ്ങി നൽകാൻ തയ്യാറാകുന്നില്ല. ഇലക്ട്രോണിക് വീൽ ചെയർ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.62 അടിമാലി ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2019-ലെ കത്തും അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2019, 22.10.2019 എന്നീ തീയതികളിലെ C - 742/19-ാം നമ്പർ കത്തുകളും**

*(i)* ***പ്രോ.നം. 22/20*** ***അടങ്കൽ 2,50,000/- രൂപ (വികസനഫണ്ട്)***

***പേര് :- നെടുംകല്ലേൽപടി റോഡ്***

*(ii)* ***പ്രോ.നം. 23/20*** ***അടങ്കൽ 2,50,000/- രൂപ (വികസന ഫണ്ട്)***

***പേര് - കരിമ്പുകത്തി ചാലിപ്പടി പനംകുറ്റി റോഡ്***

കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 5.00 ലക്ഷം രൂപ വീതമാണ്. ഈ റോഡുകൾക്ക് 2.50 ലക്ഷം രൂപ വീതം ബ്ലോക്ക് പഞ്ചായത്ത് നൽകുന്നു. മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ 5.00 ലക്ഷം രൂപയിൽ കുറയരുത് എന്നാണ്. കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ പ്രളയം വ്യാപക നാശം വിതച്ച സാഹചര്യത്തിൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.63 പെരുമ്പളം ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2019-ലെ കത്തും പെരുമ്പളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2019-ലെ A2 - 2260/19-ാം നമ്പർ കത്തും ( SRG 981/19 - CC/787/19, SRG /959/19 - CC/736/19)**

വേമ്പനാട്ട കായലാൽ ചുറ്റപ്പെട്ട പഞ്ചായത്താണ്. യാത്രാക്ലേശം പരിഹരിക്കുന്നതിന് വാത്തികാട് പൂത്തോട്ട ജങ്കാർ സർവ്വീസ് ഉണ്ടായിരുന്നു. ഇത് നഷ്ടത്തിലായതിനാൽ കരാറുകാരൻ സർവ്വീസ് നിർത്തി. അടിയന്തിര സ്വഭാവം പരിഗണിച്ച് ഇത് പഞ്ചായത്ത് ഏറ്റെടുത്ത് സർവ്വീസ് നടത്തി. തനത് ഫണ്ട് കുറവായതിനാൽ ഇതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റോ മെയിന്റനൻസ് ഗ്രാന്റോ (നോൺ റോഡ്) ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. തനത് ഫണ്ട് ഇല്ല എങ്കിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.64 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

**ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2019-ലെ കത്ത് (SRG 1048/19)**

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരമുള്ള മിഡ് ലെവൽ സ്പെസിഫിക്കേഷനോട്ടു കൂടി ലാപ് ടോപ് CPRCS പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു. പൊതു തീരുമാനം ഖണ്ഡിക 3.8 ബാധമകാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.65 പനമരം ബ്ലോക്ക് പഞ്ചായത്ത്

**പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.2019-ലെ കത്തും 18.10.2019-ലെ 2(5)ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG 1073/19)**

2019-20 വാർഷിക പദ്ധതിയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്ക് എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചു ( അടങ്കൽ 10.00 ലക്ഷം രൂപ - വികസനഫണ്ട്) നൂതന വിഭാഗത്തിൽപ്പെട്ട ഈ പ്രോജക്ടിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് വഴിയാകണമെന്ന് നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ വിജയകരമായ നടത്തിപ്പിന് 10 വർഷമെങ്കിലും പ്രവൃത്തി പരിചയമുള്ള ഡോക്ടറെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ചെലവ് താഴെപ്പറയും പ്രകാരമാണ്

| | |
|---|---|
| ഡോക്ടറുടെ വേതനം (6 മാസം X 39500/- രൂപ ) | 2,37,000/- രൂപ |
| അറ്റന്ററുടെ വേതനം (6 മാസം X 10,500/- രൂപ) | 63,000/- രൂപ |
| വാഹന വാടക (6 X 22000) | 1,32,000/- രൂപ |
| സ്റ്റേഷനറി , മറ്റ ചെലവുകൾ | 25,000/- രൂപ |
| മരുന്ന്, ലാബ് | 3,88,000/- രൂപ |
| കൃത്രിമ ബീജസങ്കലനം | 1,55,000/- രൂപ |
| ആകെ | 10,00,000/-രൂപ |

**തീരുമാനം:-** പ്രോജക്ടിൽ വിഭാവന ചെയ്യും പ്രകാരം പ്രവൃത്തി പരിചയമുള്ളയാളെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.66 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.12.2019-ലെ4189/M-2010-KSHOാാം നമ്പർ കത്ത് (SRG/1074/19)

കുടുംബശ്രീ ശൃഖലയിൽ സംസ്ഥാനത്തൊട്ടാകെ 7000 ലേറെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലായി ഒരു ലക്ഷത്തിലേറെ അംഗങ്ങൾ ഉണ്ട്. ഊരു തലത്തിൽ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഒരു ജനകീയ പരിപാടി ഡിസംബർ, ജനുവരി മാസങ്ങിൽ കുടുംബശ്രീ നടത്തുകയാണ്. അത്തരത്തിൽ കുടുംബശ്രീ ഊരു സമിതികളും എ.ഡി.എസുകളും തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ അതാത് ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിനു വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ പദ്ധതികൾ ഊരുകൂട്ടങ്ങളിലെ ചർച്ചകളുടേയും തീരുമാന ത്തിന്റെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത് എന്ന് യോഗം നിരീക്ഷിച്ചു. ഇതിനു സഹായകരമായി കുടുംബശ്രീ തയ്യാറാക്കുന്ന പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.67 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2019-ലെ കത്ത് (SRG 944/19 - CC717/19)**

*പ്രോ.നം. 1074/20* *അടങ്കൽ 25,00,000/- രൂപ*

*(വികസനഫണ്ട് - 20,00,000/- രൂപ*

*ഗുണഭോക്തൃ വിഹിതം - 5,00,000/- രൂപ)*

***പേര്:- കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്ക് ജൈവപച്ചക്കറികൃഷി***

കുടുംബശ്രീ ഗ്രൂപ്പ് മുഖേന ജൈവ പച്ചക്കറിക്കൃഷിക്കുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ മുൻ വർഷവും നടപ്പാക്കിയ പ്രോജക്ടിന് 2019-20-ലും നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** കഴിഞ്ഞ വർഷം നടപ്പാക്കിയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന നൽകണം. എത്ര ഗ്രൂപ്പുകൾക്ക് നൽകി, ഓരോന്നിന്റേയും ഉല്പാദനവും ഉല്പാദനക്ഷമതയും എത്ര തുടങ്ങിയ വിവരങ്ങൾ ഉണ്ടാകണം. ഈ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.68 കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2019-ലെ കത്തും ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 27.11.2019-ലെ 406/2019/DSM നമ്പർ കത്തും (SRG 1072/19 - CC/650/2019)**

2019 ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ നിന്നും ഒഴുകി പോയതും മറ്റു സ്ഥലങ്ങളിൽ നിന്ന് ഒഴുകിയെത്തിയതുമായ മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും ബഹുജന പങ്കാളിത്തത്തോടെ ശേഖരിച്ച് പഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ കൂട്ടിയിട്ടിട്ടുണ്ട്. കടലുണ്ടി പുഴയ്ക്കടുത്തുള്ള ഹൈവേ റോഡിനോട് ചേർന്നാണ് എം.സി.എഫ് സ്ഥിതി ചെയ്യുന്നത്. ഈ മാലിന്യങ്ങൾ നീക്കം ചെയ്യാൻ തനത് ഫണ്ടോ ശുചിത്വ മിഷൻ ഫണ്ടോ ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഈ പാഴ് വസ്തുക്കൾ വില നൽകി ഏറ്റെടുക്കാൻ ഒരു ഏജൻസിയും തയ്യാറല്ല എന്നും റീ സൈക്കിൾ ചെയ്യാൻ കഴിയാത്ത രീതിയിലാണെന്നും ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചതനുസരിച്ച് ഇത് നീക്കം ചെയ്യാൻ തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.69 തെക്കുംകര ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2019-ലെ കത്തും തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 29.05.2019-ലെ 6(5)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG.913/2019 - CC/359/19)**

*പ്രോ.നം. 25/20* *അടങ്കൽ 50,000/- രൂപ (SCP)*

***പേര്:- പച്ചക്കറി തൈകൾ വിതരണം ( SC വനിത)***

പച്ചക്കറിതൈകൾ വിതരണത്തിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉണ്ട്. ഇതിന് ആവശ്യമായ പച്ചക്കറിതൈകൾ കുടുംബശ്രീ സംരംഭമായ മച്ചാട് വനിത കാർഷിക നഴ്സറി സംഘത്തെക്കൊണ്ട് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പച്ചക്കറി തൈകളുടെ ഗുണനിലവാരം കൃഷി ഓഫീസർ ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.70 തെക്കുംകര ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2019-ലെ കത്തും തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 29.05.2019-ലെ 6(5)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG.914/2019 - CC/358/19)**

*പ്രോ.നം. 9/20* *അടങ്കൽ 1,50,000/- രൂപ*

***പേര്:- പച്ചക്കറി തൈകൾ വിതരണം ( വനിത)***

പച്ചക്കറി വിതരണത്തിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉണ്ട്. ഇതിന് ആവശ്യമായ പച്ചക്കറിതൈകൾ കുടുംബശ്രീ സംരംഭമായ മച്ചാട് വനിത കാർഷിക നഴ്സറി സംഘത്തെക്കൊണ്ട് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പച്ചക്കറി തൈകളുടെ ഗുണനിലവാരം കൃഷി ഓഫീസർ ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.71തെക്കുംകര ഗ്രാമപഞ്ചായത്ത്

**തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.2019-ലെ കത്തും 05.09.2019-ലെ 7(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG.1075/2019)**

തെക്കുംകര ഗ്രാമപഞ്ചായത്ത് പുലിക്കപ്പുറം എന്ന സ്ഥലത്ത് മച്ചാട് വനിതാ കാർഷിക നഴ്സറി സംഘം പ്രവർത്തിച്ചു വരുന്നു. സർക്കാർ പദ്ധതികൾക്കാവശ്യമായ എല്ലാത്തരം തൈകളും നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് ഈ സംഘം വഴി വിതരണം ചെയ്യുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇവിടെ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളും തൈകളും ഗുണനിലവാരമുള്ളതാണോ എന്ന് പരിശോധിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.72 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

**നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.2019-ലെ കത്തും 30.11.2019-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG-1154/19)**

നിലമ്പൂർ ബ്ലോക്കിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കവളപ്പാറ പ്രദേശത്ത് കഴിഞ്ഞ പ്രളയം വലിയ നാശം വരുത്തിയിരുന്നു. ഇവിടെ കൾവെർട്ട് പണിയുന്നതിനും ചെമ്പ്ര എസ്.റ്റി കോളനി റോഡ് സൈഡ് സംരക്ഷണത്തിനും പ്രോജക്ട് തയ്യാറാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ റോഡ് പ്രവൃത്തിക്ക് 6 മീറ്റർ വീതി വേണം എന്നുള്ള നിബന്ധന ഒഴിവാക്കി നൽകണമെന്നും ബ്ലോക്ക് പഞ്ചായത്തിനെ മേഖലാ നിബന്ധനയിൽ നിന്നൊഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** പ്രളയ മേഖല ആയതിനാൽ ഈ വർഷം 6 മീറ്റർ വീതി എന്ന നിബന്ധനയിൽ നിന്നൊഴിവാക്കി നൽകുന്നു. മേഖലാ നിബന്ധനയിൽ നിന്നൊഴിവാക്കേണ്ട പ്രോജക്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കി ഗ്രാമവികസന കമ്മീഷണർ മുഖേന ആവശ്യപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.73 ഊർജ്ജ കേരള മിഷൻ - ഇ-സേഫ് കേരള പദ്ധതി

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 05.12.2019-ലെ B2 - 25541/2019/CE1/ നമ്പർ കത്ത് ( SRG -1155/19)**

വൈദ്യുത സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിൽ വീടിന്റെ വയറിംഗ് ചെയ്യാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തവർക്ക് ശരിയായ രീതിയിൽ റീ വയറിംഗ് ചെയ്ത് , കുറഞ്ഞത് നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട്ബ്രേക്കർ ( ELCB) അടക്കം സുരക്ഷാ ഉപകരണങ്ങളോടു കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ വൈദ്യുതി ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള SC, ST, BPL കുടുംബങ്ങളെയാണ് ഇതിന്റെ ഗുണഭോക്താക്കളായി ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു കുടുംബത്തിന് 12,287/- രൂപ ചെലവു വരും . ഇതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** SC, ST , BPL വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്ട്സിൽ താഴെയും മാസ വൈദ്യുതി ഉപയോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന് ഇതിനായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് തയ്യാറാക്കാനും ഭേദഗതി ചെയ്യുന്നതിനും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

യോഗം വൈകിട്ട് 7.30 -ന് അവസാനിച്ചു

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
6 ഗ്രാമവികസന കമ്മീഷണർ
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
8 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(പ്രതിനിധി)
14 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
15 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
16 പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)
17 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
18 ഫിഷറീസ് ഡയറക്ടർ
19 മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
20 ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
21 എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
22 ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ